'കള്ളവും ചതിയുമില്ലാത്ത മാവേലി നാടുവാണിരുന്ന കാലഘട്ടത്തിന്റെ ഗതകാലസ്മരണകളെ തൊട്ടുണർത്തുവാൻ സംഘടിപ്പിച്ച ഓണാഘോഷപരിപാടികളിൽ Economics Association സജീവമായി പങ്കുകൊണ്ടു. ഓണാഘോഷപരിപാടികളിൽ ഓവറോൾ ചാമ്പ്യൻഷിപ്പും, അത്തപ്പൂക്കളമത്സരത്തിൽ ഒന്നാം സ്ഥാനവും നേടി Economics Association തങ്ങളുടെ കലാവൈഭവം വിളിച്ചറിയിച്ചു. Arts Fest ൽ Economics Association തിളക്കമാർന്ന വിജയം നേടി. Sports & Games meet gh Economics Association റണ്ണർ അപ്പായി. കായികരംഗത്തും മികവ് തെളിയിച്ചു. കലാകായിക മത്സരങ്ങളിൽ വിജയികളായ മുഴുവൻ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ!

ഇക്കണോമിക്സിന്റെ അഭിമാനമായ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പുറത്തിറങ്ങുന്ന കയ്യെഴുത്തു മാസിക 'പ്രതിഭ 2001-02'ന്റെ പ്രകാശനകർമ്മം ഡിപ്പാർട്ട്മെന്റ് മുൻമേധാവി Prof. N.C. കുര്യാക്കോസ് നിർവഹിച്ചു. ചടങ്ങിൽ മുഖ്യാതിഥിയായി Dr. Baby Thomas (Director school of distance education, M.G. University) പങ്കെടുത്തു. Dr. T.T. Micahel, Sri C.M. George തുടങ്ങിയവർ ആശംസകൾ നേർന്നു. Chief Editor Josiah John സ്വാഗതവും Umesh R.P. നന്ദിയും രേഖപ്പെടുത്തി. മൂന്നാംവർഷ ധനതത്വശാസ്ത്രവിദ്യാർത്ഥികൾക്ക് ഹൃദ്യമായ യാത്രാമംഗളങ്ങളും ചടങ്ങ് നേർന്നു.


1969 ൽ തുടങ്ങിയ തന്റെ സമർപ്പിതവും, കർമ്മനിരതവുമായ അദ്ധ്യാപനജീവിതത്തിലൂടെ നീണ്ട 33 വർഷക്കാലം ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റിനെ സേവിച്ച Economics hn mKw ta]mhn Prof. K. Mathew Sebastian \v Association ന്റെ ആഭിമുഖ്യത്തിൽ ഊഷ്മളമായ സ്നേഹോപഹാരം, അസോസിയേഷൻ സെക്രട്ടറി, Prof. K. Mathew Sebastian ന് സമർപ്പിച്ചു.

ബഹു. പ്രിൻസിപ്പാൾ, ബഹു. ഡിപ്പാർട്ട്മെന്റ് മേധാവി, ഡിപ്പാർട്ട്മെന്റിലെ മറ്റ് അദ്ധ്യാപകർ, ഡിപ്പാർട്ടുമെന്റിലെ അനദ്ധ്യാപകർ, പ്രിയപ്പെട്ട വിദ്യാർത്ഥി സുഹൃത്തുക്കൾ എല്ലാവർക്കും വർണ്ണനാതീതമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

എന്ന്
Civilson Sebastian
II D.C., Economics



*Inauguration of Eco. Association by Prof. N.M. Joseph*



# BOTANY ASSOCIATION 2001-02 REPORT

ബോട്ടണി അസോസിയേഷന്റെ ഈ വർഷത്തെ ഔദ്യോഗിക ഉദ്ഘാടനം 2001 ഒക്ടോബർ 31-ാം തീയതി 2p.m ന് മിനി ഓഡിറ്റോറിയത്തിൽ വച്ച് Dr. തോമസ് പാലയ്ക്കൽ MSc, Phd (ഫോർദാം, യൂണിവേഴ്സിറ്റി, ന്യൂയോർക്ക്) നിർവ്വഹിച്ചു. ബോട്ടണിവിഭാഗം മേധാവി മിസ്. ശാന്തമ്മ പീറ്റർ അദ്ധ്യക്ഷയായിരുന്നു. യോഗത്തിൽ, കോളേജ് പ്രിൻസിപ്പാൾ Fr. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ ആശംസകൾ അർപ്പിച്ചു. വിവിധ കലാപരിപാടികൾ ഉദ്ഘാടനച്ചടങ്ങിന് മിഴിവേകി.

പുതിയ പ്രതീക്ഷകൾ ഉണർത്തിക്കൊണ്ട് ബോട്ടണിയിലേയ്ക്ക് കടന്നുവന്ന ഒന്നാംവർഷ വിദ്യാർത്ഥികൾക്ക് സ്നേഹോഷ്മളമായ ഒരു വരവേൽപ്പ് നൽകി.

ഓണം, ക്രിസ്തുമസ്, കേരളപ്പിറവി തുടങ്ങിയ ആഘോഷങ്ങൾ ബോട്ടണി കുടുംബം സസന്തോഷം കൊണ്ടാടി. ഓണാഘോഷദിവസം നടത്തിയ കലാപരിപാടികളിൽ, അസോസിയേഷന് മൂന്നാംസ്ഥാനം ലഭിച്ചു.

കോളേജിലെ, ഈ വർഷത്തെ കലാപ്രവർത്തനങ്ങളുടെ ചുക്കാൻ പിടിച്ചത് ബോട്ടണി വിദ്യാർത്ഥികൾ ആയിരുന്നു. കോളേജ് ആർട്സ് ഫെസ്റ്റിവലിൽ ബോട്ടണിയിലെ നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു ധാരാളം സമ്മാനങ്ങളും കരസ്ഥമാക്കി. ഏറ്റവും കൂടുതൽ പോയിന്റു നേടിയ മൂന്നാമത്തെ അസോസിയേഷൻ ബോട്ടണി ആയിരുന്നു. കൂടാതെ, വ്യക്തിഗത ഇനങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി രണ്ടാം വർഷം വിദ്യാർത്ഥി ശ്രീ. വിൻസെന്റ് കെ. ദേവസ്യ 'കലാപ്രതിഭ' പട്ടം കരസ്ഥമാക്കി. യൂണിവേഴ്സിറ്റി തലത്തിലും, മാതൃഭൂമികലോത്സവത്തിലും 'ദേവമാതാ'യെ പ്രതിനിധീകരിച്ച് പോയത്, കൂടുതലും ബോട്ടണിയിലെ കലാകാരന്മാരും കലാകാരികളുമായിരുന്നു.


കായികമത്സരങ്ങളിലും ബോട്ടണിയിലെ കുട്ടികൾ പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കി.

ഈ വർഷത്തെ ഇന്റർകോളേജിയേറ്റ് മത്സരത്തിലും ബോട്ടണി വിദ്യാർത്ഥികൾ പങ്കെടുത്തു. ദേവഗിരി കോളേജിൽ വച്ചു നടത്തിയ ബോട്ടണികിസിൽ രണ്ടാംവർഷ വിദ്യാർത്ഥികളായ ജേക്കബും, ബിൻസ് മാണിയും പങ്കെടുത്ത്, 5-ാം സ്ഥാനം കരസ്ഥമാക്കി. 23.03.02 ൽ തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ചു നടത്തിയ N.S.S. Fest ൽ രണ്ടാം വർഷ വിദ്യാർത്ഥി വിൻസെന്റ് കെ. ദേവസ്യയ്ക്ക് പോസ്റ്റർ ഡിസൈനിംഗിൽ 1-ാം സ്ഥാനവും മോണോആക്ടിൽ 3-ാം സ്ഥാനവും ലഭിച്ചു.

അസോസിയേഷന്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടത്തുവാൻ അനുഗ്രഹിച്ച ദൈവത്തിന് ആദ്യമായി നന്ദി അർപ്പിക്കുന്നു. വേണ്ട നിർദ്ദേശങ്ങൾ നൽകി സഹകരിച്ച ബഹു. പ്രിൻസിപ്പാൾ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിലിനും, HOD ശാന്തമ്മ ടീച്ചറിനും, ഒത്തിരി സഹായിച്ച Dep. ലെ ജോർജ് മുരിക്കൻ സാറിനും, മറ്റ് അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, എല്ലാ വിദ്യാർത്ഥികൾക്കും ഒരായിരം നന്ദി അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.



*Inauguration of Botany Association Chief Guest*
*Dr. Thomas Palackal Fordhan Uty New York*



# വിമൻസ് ക്ലബ്
## റിപ്പോർട്ട് 2001-02

നമ്മുടെ കോളേജിലെ വനിതകളുടെ അഭിവൃദ്ധിയ്ക്കും സർവ്വോന്മുഖമായ ഉന്നമനത്തിനുമായി രൂപം കൊണ്ടിരിക്കുന്ന വിമൻസ് ക്ലബിന്റെ 2001-02 വർഷത്തെ പ്രവർത്തന റിപ്പോർട്ട് നിങ്ങൾക്കു മുൻപിൽ സമർപ്പിക്കട്ടെ.

**ഉത്ഘാടനം**

ഈ കലാലയവർഷത്തെ നമ്മുടെ വിമൻസ് ക്ലബിന്റെ പ്രവർത്തനങ്ങളുടെ ഔപചാരിക ഉത്ഘാടനം 07.11.01 ൽ പ്രൊഫ. മോനമ്മ കോക്കാട് (വനിതാ കമ്മീഷൻ മെമ്പർ, M.G. യൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ) ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ, കോളേജിലെ ഏറ്റവും മുതിർന്ന അദ്ധ്യാപികയും ഹിന്ദി വിഭാഗം മേധാവിയുമായ പ്രൊഫ. മേരി ജേക്കബ് അദ്ധ്യക്ഷയായിരുന്നു. സുവോളജി ഡിപ്പാർട്ട്മെന്റിലെ മിസ്. സിമി മോൾ സെബാസ്റ്റ്യൻ സ്വാഗതവും, വിമൻസ് ക്ലബ് പ്രസിഡന്റ് ജിഷാ മാത്യു നന്ദിയും പറഞ്ഞു. യോഗാനന്തരം, പുതിയ നൂറ്റാണ്ടിലെ സ്ത്രീകളുടെ പ്രശ്നങ്ങളെ കുറിച്ചും, സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചും, തന്റെ അനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് ഹൃദ്യമായ ഒരു പ്രഭാഷണം പ്രൊഫ. മോനമ്മ നടത്തുകയുണ്ടായി.

**കരിയർ ഗൈഡൻസ് ക്യമ്പ്**

എം.ജി. യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ വച്ച് വനിതകൾക്കായി നടത്തിയ കരിയർ ഗൈഡൻസ് ക്യാമ്പിൽ നമ്മുടെ കോളേജിലെ വനിതകളെ പ്രതിനിധീകരിച്ച് സോൽജ എലിസബത്ത് ബേബി, മരിയ ജോർജ്, വിനീത എന്നീ വിദ്യാർത്ഥിനികൾ പങ്കെടുക്കുകയുണ്ടായി.

**കൗൺസലിംഗ് സെന്റർ**

വിമൻസ് ക്ലബിന്റെ നേതൃത്വത്തിൽ നമ്മുടെ വിദ്യാർത്ഥിനികൾക്കായ്, ഒരു കൗൺസിലിംഗ് സെന്റർ തുടങ്ങാൻ കഴിഞ്ഞത് ഏറ്റവും അഭിമാനത്തോടെ അനുസ്മരിക്കുന്നു. എല്ലാ വ്യാഴാഴ്ചയും സി. മേരിക്കുട്ടി & സി. സെലിൻ, മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് കോട്ടയം, കോളേജിൽ എത്തി കൗൺസിലിംഗ് നടത്തുന്നു.

**ഉപസംഹാരം**

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്, ഞങ്ങളാൽ കഴിയുംവിധം ഒരു നല്ല പ്രവർത്തനം കാഴ്ചവയ്ക്കുവാൻ പരിശ്രമിച്ചു എന്ന ചാരിതാർത്ഥ്യം ഞങ്ങൾക്കുണ്ട്. അതോടൊപ്പം, ഞങ്ങളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നത് നന്ദിയാണ്. എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങൾക്കു വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ശ്രീമതിയായ ടീച്ചർ, ശ്രീമതി ത്രേസ്യാമ്മ ടീച്ചർ, മറ്റ് അദ്ധ്യാപകർ, ഞങ്ങൾക്ക് എല്ലാ സഹായവും നൽകിയ ബഹുമാനപ്പെട്ട പ്രിൻസിപ്പലച്ചൻ, എല്ലാറ്റിനും ഉപരിയായി എല്ലാ പ്രവർത്തനങ്ങൾക്കും സ്വാഗതമരുളിയ പ്രിയപ്പെട്ട വിദ്യാർത്ഥിനികൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. വിമൻസ് ക്ലബിന്റെ വരും വർഷത്തെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്,



*Prof. Monamma Kokkattu (Member Vanitha Commission) Inaugurates Devamatha Women's Forum*

വിമൻസ് ക്ലബ് പ്രസിഡന്റ്
**ജിഷ മാത്യു, II DC Chemistry**



# മീഡിയക്ലബ്

## റിപ്പോർട്ട് 2001-02

ദേവമാത കോളേജിൽ ഈ വർഷം ആദ്യമായി തുടങ്ങിയ മീഡിയ ക്ലബിന്റെ റിപ്പോർട്ട് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷം ഉണ്ട്. "സമ്പൂർണ്ണ മാധ്യമ സാക്ഷരത" എന്ന ലക്ഷ്യവുമായിട്ടാണ് മീഡിയ ക്ലബ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഈ വർഷം ഏകദേശം അവസാനത്തോടുകൂടി മാത്രം പ്രവർത്തനം ആരംഭിച്ച ഈ ക്ലബിന്റെ ബാലാരിഷ്ടതകൾ ഇതുവരെ മാറിയിട്ടില്ല. സമയപരിധിമൂലം വളരെ കുറച്ച് പരിപാടികൾ സംഘടിപ്പിക്കുവാനേ സാധിച്ചിട്ടുള്ളൂ. ക്ലബിന്റെ ഔപചാരികമായ ഉദ്ഘാടനം 2001 ഒക്ടോബർ 25-ാം തീയതി കുമാരനല്ലൂർ തന്മയ ജസ്യൂട്ട് മീഡിയ കേന്ദ്രത്തിന്റെ ഡയറക്ടർ Dr. ജോർജ് സെബാസ്റ്റ്യൻ എസ്.ജെ. അവർകൾ നിർവ്വഹിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ പ്രിൻസിപ്പൽ അദ്ധ്യക്ഷത വഹിക്കുകയും ക്ലബ് ഡയറക്ടർ ശ്രീ. റോണി ജോർജ്ജ് (Dept. of English) ആശംസകളർപ്പിക്കുകയും ചെയ്തു.

### മീഡിയ വർക്ക്ഷോപ്പ്

2001 ഒക്ടോബർ 25,26 തീയതികളിലായി ക്ലബ് അംഗങ്ങൾക്കായി രണ്ടു ദിവസത്തെ മീഡിയ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. മാധ്യമസാക്ഷരതയായിരുന്നു വർക്ക് ഷോപ്പിന്റെ ലക്ഷ്യം. ദൃശ്യ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തിയ ആ വർക്ക്ഷോപ്പിലെ ഇംഗ്ലീഷ് ചിത്രങ്ങളായ 'Black Stallion' 'Untonchakle' എന്നിവയുടെ പ്രദർശനം വിദ്യാർത്ഥികളെ ആസ്വാദനത്തിന്റെ പുതിയമേച്ചിൽപ്പുറങ്ങളിലെത്തിച്ചു.

### സെമിനാറുകൾ

വിവിധ വിഷയങ്ങളെ അധികരിച്ച് മീഡിയ ക്ലബ് വിവിധ സെമിനാറുകളും ചർച്ചകളും സംഘടിപ്പിച്ചു.

പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർ സാബു ജെയിംസ് Visual Psychology എന്ന വിഷയത്തിലും, ക്ലബ് ഡയറക്ടർ ശ്രീ. ജോണി ജോർജ് Media & Society എന്ന വിഷയത്തിലും ക്ലബ് സെക്രട്ടറി ആൽബർട്ട് കുരുവിള സിനിമയിലെ പാരിസ്ഥിതികപ്രശ്നങ്ങളെപ്പറ്റി 'ജലമർമ്മരം' എന്ന സിനിമയെ ആസ്പദമാക്കിയും സെമിനാറുകൾ അവതരിപ്പിച്ചു.

### സിനിമാപ്രദർശനം

ക്ലബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് സിനിമയ്ക്ക് പുതിയ ആസ്വാദനതലങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സിനിമകൾ പ്രദർശിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ഓസ്കാർ അവാർഡ് നേടിയ ചിത്രങ്ങളായ ലൈഫ് ഈസ് ബ്യൂട്ടിഫുൾ, ഗ്ലാഡിയേറ്റർ എന്നിവയും സംസ്ഥാന അവാർഡുകൾ നേടിയ 'മഴ' എന്ന ചിത്രവും ആണ് പ്രദർശിപ്പിച്ചതിൽ മുഖ്യമായത്.

കോളേജ് ആർട്സ് ഫെസ്റ്റിവലിനോടനുബന്ധിച്ച് കോളേജിൽ ആദ്യമായി നടത്തിയ ഫിലിം റിവ്യൂ മത്സരത്തിൽ മീഡിയ ക്ലബ് അംഗങ്ങളായ ആൽബർട്ട് കുരുവിള, മായാദാസ് എന്നിവർക്ക് ആദ്യസമ്മാനങ്ങൾ ലഭിച്ചു എന്നത് ക്ലബിന് അഭിമാനകരമായ വസ്തുതയാണ്.

സമയപരിമിതികൾ മൂലം മൂന്ന് മാസക്കാലം മാത്രമേ ക്ലബിന് പ്രവർത്തിക്കാനായുള്ളൂ. ക്ലബിന് നേതൃത്വം നൽകിയ പ്രിൻസിപ്പാൾ അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, ക്ലബ് ഡയറക്ടർ ശ്രീ. റോണി ജോർജ് (Dept. of English) ശ്രീ. ജോർജ് മാത്യു (Dept. of Botony) എന്നിവരോടും ശ്രീ. രോഹിത് സെന്നിനോടും (III D.C. കോമേഴ്സ്) മീഡിയ ക്ലബിനുള്ള നന്ദി രേഖപ്പെടുത്തുന്നു. വരും വർഷങ്ങളിലും ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

വിശ്വസ്തതയോടെ

ആൽബർട്ട് കുരുവിള

മീഡിയക്ലബ് സെക്രട്ടറി

DEVA MATHA COLLEGE
ANNUAL 2002

**Publisher**
REV. DR. AUGUSTINE
PALACKAPARAMPIL

**Chief Editor**
MR. JOSEPH MATTAM

**Associate Staff Editors**
PROF. M.A. MARYKUTTY
SRI. C.M. GEORGE

**Layout & DTP**
KOTTAYIL OFFSET PRINTERS
THODUPUZHA. TEL 227720

**Printing**
KOTTAYIL OFFSET PRINTERS
THODUPUZHA. TEL 227720

# ക്യാംപസുകളിൽ പ്രകാശമായി ജീസസ് യൂത്ത്

"നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക-

അപ്പോൾ മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും." (മത്തായി 6/33)

കരിസ്മാറ്റിക് നവീകരണ അനുഭവത്തിലൂടെ വളർന്ന് ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലം പടർന്ന് പന്തലിച്ചിരിക്കുന്ന ഒരു കത്തോലിക്കാ മുന്നേറ്റമാണ്, 'ജീസസ് യൂത്ത്' ക്രിസ്തു കേന്ദ്രീകൃതമായ ജീവിതശൈലിയുടെ ഉടമകളാണിവർ. ഈശോയുടെ സ്നേഹം അനുഭവിച്ചറിഞ്ഞവരാണ് ഓരോ ജീസസ് യൂത്തും.

ദേവമാത കോളേജ് പാലാ സോണിൽ ഉൾപ്പെടുന്നു. സെന്റ്. തോമസ് കോളേജ് പാലാ, അൽഫോൻസാ കോളേജ് പാലാ, സെന്റ് ജോർജ് കോളേജ് അരുവിത്തുറ, സെന്റ് സ്റ്റീഫൻസ് കോളേജ് ഉഴവൂർ, സെന്റ് അഗസ്തീനോസ് രാമപുരം തുടങ്ങിയ കോളേജുകളും ഈ സോണിൽ ഉൾപ്പെടുന്നു. എല്ലാ കോളേജുകളിലും ആഴ്ചയിൽ ഒരു ദിവസം പ്രയർഗ്രൂപ്പും, പ്രയർമീറ്റിംങ്ങും, കോർ ടീമും ഉണ്ടായിരിക്കും.

ഇന്ന് ക്യാമ്പസുകളിൽ വളരെയധികം തിന്മപെരുകിയിരിക്കുകയാണ്. മദ്യപാനവും, മയക്കുമരുന്നും, പുകവലിയും മറ്റ് തിന്മകളും കുട്ടികൾ തമ്മിലുള്ള സംഘട്ടനങ്ങളും, യഥാർത്ഥ സ്നേഹമില്ലാത്ത അവസ്ഥയും ക്യാമ്പസിൽ വർദ്ധിച്ചുവെന്നതിനു സംശയമില്ല.

നീ... ഈ തിന്മകൾക്ക് അടിമയാണോ? പ്രശ്നങ്ങൾ നിന്റെ സമാധാനം തകർക്കുകയാണോ? പേടിക്കേണ്ട, നിന്നെ തേടിവരുന്ന ഒരു ദൈവം നിനക്കായി കാത്തിരിക്കുന്നു. അതെ, "ജീസസ് ക്രൈസ്റ്റ്" എല്ലാം ധൂർത്തടിച്ചും തിരിച്ചു വന്ന ധൂർത്തപുത്രനെ ആ പിതാവ് സ്വീകരിച്ചതുപോലെ നിന്നെസ്വീകരിക്കാൻ ദൈവം കാത്തിരിക്കുന്നു.

"വരൂ.... ആ സ്നേഹം നമുക്ക് ഒരുമിച്ച് അനുഭവിക്കാം. ജാതി മതഭേദമന്യേ.... ഏവർക്കും ജീസസ് യൂത്തിലേക്ക് സ്വാഗതം.

ദേവമാത കോളേജിൽ എല്ലാ ചൊവ്വാഴ്ചയും 3.15 pm മുതൽ 4.14 pm വരെ ഒരു പ്രയർ ഗ്രൂപ്പ് പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ തിങ്കളാഴ്ചകളിലും 12.50 മുതൽ 1.15pm വരെ ജപമാല (കൊന്ത) ഉണ്ടായിരിക്കും. വരൂ, നമുക്കൊന്നിച്ച് ദേവമാതായ്ക്ക് വേണ്ടി പ്രാർത്ഥിക്കാം.

ജീസസ് യൂത്തിന് വേണ്ടി
വിൻസെന്റ്
II DC ബോട്ടണി



KER/SD/98/412297/U/O Manu Sebastian Best cadet of the year 2001-2002 participated in NIC in Shillong, Army attachment camp in Wellington

# NCC REPORT

This year we have 100 cadets, who are ably guided by our ANO captain Cyriac Sebastian. A route march was conducted on the occasion of the Independance day. 15 cadets of our college attended the N.C.C. camp at St. George College, Aruvithura nine of our cadets attended the army attachment camp in Ooty.Three of our cadets participated in National Intergration camp at Sagar in M.P. One of our under officers Jayajith Jacob attended pre-RDC camp in Trivandrum.

Lijomon Philip was selected to all India Thai Sainik camp silver medal for Flag Area form Hai Defence Minister. Praveeen Babu and Jithin C. Boss attended the all India Trekking expedition at Agasthiyalam.

We arranged a Trekking expedition to Elavizhapuchira, that turned out to be a memorable experience. Firing practice was held on our college ground in Jan. 2002.25, cadets appreared for the NCC B certificate examination & 10 cadets apprearad for the NCC C certificate exam.

Thank you,
Su/O Lijomon Philip



KER/SD/99/[illegible]12/07/U/O Jayajith Jacob who participated in pre-[illegible] day camp in Trivandrum and [illegible]har



Independence Day Parade by the NCC Cadets



Cadets in N.I.C. held in Saugor



KER/SD/99/41203/SU/O Lijomon Philip Best Cadet of N.I.C. held in Bihar. Chief minister's Scholarship winner in the year 2001 for the best cadet. Participated in all India Thai Sainik camp in New Delhi and won silver medal for Flag Area from the Defence Minister of India.

With Best Compliments from

"Caesar Non gramatica"

# നിർമ്മലാ കോളേജ്

POST GRADUATE STUDY CENTRE

കുറവിലങ്ങാട് - 686 633

Tel : 231404 } (O)
231504 }
230918 - (R)

**Courses**

- സ്പോക്കൺ ഇംഗ്ലീഷ് GUARANTEED COACHING
- **M.A.** ഇംഗ്ലീഷ്
- **M.A.** മലയാളം
- **M.A.** ഇക്കണോമിക്സ്
- **M.A.** സോഷ്യോളജി
- **M.A.** ഹിസ്റ്ററി
- **B.A.** ഇംഗ്ലീഷ്, മലയാളം, ഇക്കണോമിക്സ്
- **B.Com + Computer**
- **+2** ഹ്യൂമാനറ്റീസ് & കൊമേഴ്സ്
- **S.S.L.C. Failed & Tuition**
- Parallel Session, Tuition classes for all classes and all subjects

കുറഞ്ഞ ദിവസങ്ങൾ കൊണ്ട് ഇംഗ്ലീഷ് ഭംഗിയായി സംസാരിക്കാൻ പഠിപ്പിക്കുന്നു

**Computer** കുറഞ്ഞ ഫീസ് കൂടുതൽ പ്രാക്ടിക്കൽ സൗകര്യം

ഫോട്ടോസ്റ്റാറ്റ് - **ആധുനിക മെഷിനിൽ വ്യക്തതയാർന്ന കോപ്പികൾ വളരെ വിലക്കുറവിൽ എടുത്തു നൽകുന്നു. കോപ്പികൾ കൂടുന്നതനുസരിച്ച് വിലകിഴിവ് നൽകുന്നതാണ്.**

പ്രിൻസിപ്പാൾ
**പി.സി. ജെയിംസ് പാറ്റാനിക്കരോട്ട്**

# NATIONAL INTEGRATION CAMP, SAUGOR, 2001, A REPORT

The National Integration Camp, 2001 was held at Bamhori, a village with vast grounds, and surrounded by mountains all around, in Saugor district of Madhya Pradesh, from 5 to 14 December. It was hot during day and cold at night. It was a rare experience to be there in Saugor in Madhya pradesh, which has many places of historical significance like KHAJURAHO, as a blessing. Madhya Pradesh, which was the largest state, now stands second only to Rajasthan after the separation of Chattisgarh. Madhya pradesh can be rightly considered as the heart of India.

We left for the camp on December 2 by Kerala Express. As we were going away from "Gods Own Country" we experienced the loss of many good things. But, at the same item we were being exposed to many new experiences in life. In the he early morning of December 4 we entered Madhya Pradesh. By 7.30 AM we reached BINA, one of the biggest stations of the Indian Railways. It took another two more hours to reach Saugor. There are many establishments of Indian Army, of which the important one being the Headquarters of "MAHAR REGIMENT" which fought courageously in the Indo-Pak and Indo-China wars. The famous SAUGOR UNIVERSITY is also situated in Saugor. Our camp site Bamhori was just 15 kms. away from Saugor.

We reached the camp on December 4 by 12.30 PM. After lunch we had time for rest and interaction. We were given the schedule of the camp at the 5.30 pm's roll call. Uniform was compulsory in the camp. In the beginning, we could not adjust with the food, but gradually we began to like its taste and we really enjoyed it.

The camp was formally inaugurated on December 5 at 9.00 am, by the Camp Commandant LT. Col. S.S. SAINI in the presence of Saugar Group commandant L. COL. P.K.SEN. In the following days our physical training used to begin at 7am, which included 2 kms running and other physical exercise. We used to have breakfast at 8.30. At the 9 am session the ANOs and P.I. Staffs from different parts of the country shared their experiences.

On Dec. 7, we visited the wild life Sanctuary. On the way we also paid visit to famous TIKKITORIA TEMPLE, which is situated on the top of a hill resembling the Palani Sr. Subrahmanya Temple. We had to climbed upto 320 steps to reach the temple. This is a beautiful Siva Temple made of marble. After offering prayers at the temple we reached the Sanctuary. Unfortunately, we could not see any animals there, and we had to be satisfied with the sight of a few birds, and a lake.

Dec. 8 was an unforgettable day for all the participants of the Camp. Five of the Cadets from Gujarat had gone out of the camp without obtaining permission. On Dec. 10 at 5 am we left for KHAJURAHO TEMPLES, some 180 kms away from the camp. The Khajuraho group of temples was built during 800-1000 AD and was known for the carvings and sculptures depicting the knowledge of ancient Indians in matters related to Sex- "Kamashastra".

On Dec. 11 we had the NIR

presentation. We presented 'Vallamakaly', 'Thiruvathira', 'Kalarippayattu' and group songs and won the first prize. After four days all the participants began to interact more closely and our friendship exceeded all the boundaries of language and other differences.

We visited the MAHAR REGIMENT on Dec. 12. We could witness the basic training given to our soldiers. There was also a museum, which displayed the various weapons and articles captured by our soldiers during the wars. We were really inspired and moved by the order and discipline of the soldiers. The same day we visited the Saugor University too. The well-equipped Library, Historical museum and Forensic Lab of this University are very famous.

On Dec. 12 evening there were various cultural entertainments presented by the local artists. Their presentations expressed the various aspects of the culture of their land.

Time passed very quickly and the day of love and unity were coming to an end. The concluding session of the Camp was inaugurated by LT. COL. S.S. SAINI on Dec. 14 at 3.30 pm, in the presence of LT. COL. P.K. SEN and LT. COL. AMAR YADAV. The time had come for us to depart. This camp had provided us with various experiences and a number of friends from various parts of the country. We will ever cherish those ten days, which bound all of us to the sole feeling as sons of MOTHER INDIA surpassing all the difference of language, culture and other limitations.

L/Cpl. Harish Sankar G., II B.A. English

L/Cpl. Reejus Thomas, III B.A. English

L/Cpl. Hemalal N.K., II B.A. Economies

With Best Compliments from

മൂഴയിൽ

ജൂവലറി

മൂഴയിൽ ബിൽഡിംഗ്, മെയിൻ റോഡ്,

പാലാ, PH: 212498, 211028

916 (22ct) സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ പുതിയ ഷോറൂമിലേയ്ക്ക് സ്നേഹപൂർവ്വം സ്വാഗതം

സഹോദരസ്ഥാപനം

മൂഴയിൽ ബാങ്കേഴ്സ്

സിവിൽ സ്റ്റേഷന് എതിർവശം, പാലാ ഫോൺ : 212269

# N.S.S.

## പ്രവർത്തനറിപ്പോർട്ട് - 2001 - 02



**Deepak M.R.**
Volunteer Secretary



**Merline George**
Volunteer Secretary



**Anish John**
Volunteer Secretary

ദേവമാതാ കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ ചരിത്രത്തിലെ ഏറ്റവും മനോഹരമായ ഒരുവർഷംകൂടി പിന്നിടുമ്പോൾ ഈ പ്രവർത്തനറിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ അതവരിപ്പിക്കുന്നതിൽ അതിയായ സന്തോഷവും അതിലേറെ ചാരിതാർത്ഥ്യവും ഉണ്ട്.

ദേവമാത കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ 2001-02 അദ്ധ്യയനവർഷത്തിലെ പ്രവർത്തനങ്ങൾക്ക് 2001 ഓഗസ്റ്റ് 8-ാം തീയതി നടന്ന യോഗത്തോടെ തുടക്കമായി. ആ സമ്മേളനത്തിൽ വച്ച് വോളണ്ടിയർ സെക്രട്ടറിമാരായി അനീഷ് ജോൺ (II DC മലയാളം), ദീപക് എം.ആർ. (II DC BCom), മെർലിൻ ജോർജ് (II DC ഇക്കണോമിക്സ്) എന്നിവരെ തെരഞ്ഞെടുത്തു.

ഒക്ടോബർ 9-ാം തീയതി എൻ.എസ്.സ്. കുടുംബാംഗങ്ങളുടെ നേതൃത്വത്തിൽ എൻ.എസ്. എസ്. ഓഫീസ് വൃത്തിയാക്കുകയും, എല്ലാ ദിവസവും പ്രവർത്തിക്കുന്ന ഓഫീസായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

### ഓണാഘോഷം

2001 ലെ ഓണാഘോഷം കോളേജിൽ എൻ.എസ്.എസ്.ന്റെ നേതൃത്വത്തിൽ അതിവിപുലമായി ആഘോഷിച്ചു. അത്തപ്പൂക്കള മത്സരത്തിനു മുന്നോടിയായി എൻ.എസ്.എസ്. അംഗങ്ങൾ കോളേജിന്റെ മുൻപിൽ അതിമനോഹരമായ ഒരു അത്തപ്പൂക്കളം തീർക്കുകയുണ്ടായി.

### രക്തദാനഗ്രൂപ്പ്

എൻ.എസ്.എസ്. അംഗങ്ങളുടെ രക്തഗ്രൂപ്പ് ശേഖരിക്കുകയും അത്യാവശ്യക്കാർക്ക് രക്തം തക്കസമയത്ത് ദാനം ചെയ്യുവാൻ കഴിയുകയും ചെയ്തു.

### സാമൂഹ്യവനവത്കരണപദ്ധതി

എൻ.എസ്.എസ്. ന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യവനവത്ക്കരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും. പ്രാവർത്തികമാക്കുന്നതിനും വേണ്ടി വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും അതിന്റെ ആദ്യപടിയായി ക്യാമ്പിൽ ചെടികളും, തണൽമരങ്ങളും നട്ടുപിടിപ്പിച്ചു.

### ത്രിദിന വർക്ക് ക്യാമ്പ്

2001-02 ലെ ആദ്യ ക്യാമ്പ് ഒക്ടോബർ 24,25,26 എന്നീ തീയതികളിലായി കോളേജിൽ വച്ചു നടന്നു. ക്യാമ്പിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ നിർവ്വഹിച്ചു. കോളേജ് പരിസരവും, പൂന്തോട്ടവും പൂർത്തിയാക്കൽ, വ്യക്തിത്വവികസന സെമിനാറുകൾ എന്നിവയായിരുന്നു ക്യാമ്പിന്റെ മുഖ്യപ്രവർത്തനങ്ങൾ.

### ഇന്റർകൊളീജിയറ്റ് ക്യാമ്പുകൾ

എം.ജി. യൂണിവേഴ്സിറ്റി എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന വിവിധ കൊളീജിയറ്റ് ക്യാമ്പുകളിൽ നമ്മുടെ അംഗങ്ങൾ പങ്കെടുക്കുകയും വളരെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്തു. മാന്നാനം കെ.ഇ. കോളേജിൽ വച്ച് സെപ്തംബർ 16,17,18 എന്നീ തീയതികളിൽ നടന്ന വോളന്റിയർ സെക്രട്ടറിമാ

രുടെ ക്യാമ്പിൽ നമ്മുടെ യൂണിറ്റിലെ മൂന്നുപേരും പങ്കെടുത്തു.

ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ വച്ചു നടന്ന ഇന്റർയൂണിവേഴ്സിറ്റി ക്യാമ്പിൽ അനീഷ് എൻ.എസ്. (II DC ഇംഗ്ലീഷ്) ജിബിൻ വി. (II DC ഇംഗ്ലീഷ്) എന്നിവർ പങ്കെടുത്തു. വ്യക്തിത്വവികസനവും ഗ്രൂപ്പ് ചർച്ചപരിശീലനവും മുഖ്യലക്ഷ്യങ്ങളായിരുന്ന ആ ക്യാമ്പിൽ നമ്മുടെ അംഗങ്ങളുടെ 'ആനയും പാപ്പാനും' മറ്റുള്ളവരുടെ പ്രശംസയ്ക്ക് പാത്രമായി.

ആലുവ യു.സി. കോളേജിൽ വച്ച് നടന്ന 'ചേതന ചലച്ചിത്ര പഠന' ത്രിദിന ക്യാമ്പിൽ ആൽബർട്ട് കുരുവിള, വിനീഷ് പി.കെ. എന്നിവർ പങ്കെടുത്തു. സിനിമയിലെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചു സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും ചർച്ചകൾ നടന്ന ആ ക്യാമ്പിൽ, 'മലയാള സിനിമയുടെ പ്രതിസന്ധി' എന്ന വിഷയത്തെ അധികരിച്ച് നടന്ന ഡിബേറ്റിൽ നമ്മുടെ കോളേജിലെ ആൽബർട്ട് കുരുവിള മികച്ച ഡിബേറ്റർക്കുള്ള ട്രോഫിയും, മികച്ച ഗ്രൂപ്പ് ലീഡർക്കുള്ള സമ്മാനവും കരസ്ഥമാക്കി. ആൽബർട്ട് കുരുവിളയ്ക്ക് എൻ.എസ്.എസ്. യൂണിറ്റിന്റെ അഭിനന്ദനങ്ങൾ നേരുന്നു.

## ദശദിനക്യാമ്പ്

ഈ വർഷത്തെ ദശദിന വർക്ക് ക്യാമ്പ് ഡിസംബർ 21 മുതൽ 30 വരെ ഇടുക്കി ജില്ലയിലെ പ്രകൃതി രമണീയമായ ചുരുളി എന്ന ഗ്രാമത്തിൽ നടന്നു. ചുരുളി ടൗണിനെയും ഉൾപ്രദേശത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന അതി ദുർഘടമായ 3k.m. ദൂരമുള്ള റോഡ് നിർമ്മാണമായിരുന്നു ക്യാമ്പിന്റെ മുഖ്യലക്ഷ്യം. ചുരുങ്ങിയ സമയം കൊണ്ട് ലക്ഷ്യം പൂർത്തിയാക്കുകയും സ്കൂളിന്റെ പരിസരം വൃത്തിയാക്കുകയും ചെയ്തു. ഇതിനുപുറമെ വ്യക്തിത്വവികസന ക്ലാസ്സുകൾ, ഗ്രൂപ്പ് ചർച്ചകൾ, ഇടുക്കി ഡാം സന്ദർശനം, ട്രക്കിങ്, ക്യാമ്പ് അംഗങ്ങളുടെ കലാപരിപാടികൾ ക്യാമ്പ് പത്രം പുറത്തിറക്കൽ, എന്നിവയും നടന്നു. ദശദിനക്യാമ്പിന്റെ ബെസ്റ്റ് ക്യാമ്പറായി അനീഷ് എൻ.എസ്.നെയും ബെസ്റ്റ് വർക്കറായി ബാബു കെ.കെ. യെയും തെരഞ്ഞെടുത്തു.

## എൻ.എസ്.എസ്. കൈയ്യെഴുത്ത് മാസിക

എൻ.എസ്.എസ്. യൂണിറ്റിന്റെ ചരിത്രത്തിൽ സുവർണ്ണലിപികൾ എഴുതിച്ചേർത്തുകൊണ്ട് ഈ വർഷം വളരെ മികച്ച ഒരു കൈയ്യെഴുത്ത് മാസിക 'പ്രവാചകൻ' പ്രകാശനം ചെയ്തു. ആൽബർട്ട് കുരുവിള (II D.C. ഇംഗ്ലീഷ്) ആയിരുന്നു പ്രവാചകന്റെ എഡിറ്റർ. മാഗസിന്റെ പ്രകാശനം മിനി ഓഡിറ്റോറിയത്തിൽ വച്ച് മാർച്ച് 19 ന് നടന്ന വർണ്ണശബളമായ ചടങ്ങിൽ വച്ച് മലയാളത്തിന്റെ പ്രിയ കവി ശ്രീ ഡി. വിനയചന്ദ്രൻ, മുൻപ്രോഗ്രം ഓഫീസറും വിദൂരവിദ്യാഭ്യാസ കേന്ദ്രം ഡയറക്ടറുമായി ഡോ. ബേബി തോമസിന് കൈമാറിക്കൊണ്ട് നിർവ്വഹിച്ചു. അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ മുൻപ്രോഗ്രാം ഓഫീസർ ശ്രീ. തോമസ് സെബാസ്റ്റ്യൻ വാഴയിൽ സാറിന്റെ ഓർമ്മയ്ക്കും മുന്നിലാണ് മാഗസിൻ സമർപ്പിച്ചിട്ടുള്ളത്.

## ഏകദിനക്യാമ്പ്

ജനുവരി 19-ാം തീയതി N.S.S.ന്റെ ഒരു ഏകദിന വർക്ക് ക്യാമ്പ് നടന്നു. അന്ന് നടന്ന സമാപനസമ്മേളനത്തിൽ പ്രോഗ്രാം ഓഫീസർ ശ്രീ. സി.എം. ജോർജ് സാർ അദ്ധ്യക്ഷം വഹിച്ചു.

## N.S.S. Fest

ഈ വർഷത്തെ എൻ.എസ്.എസ്. ഫെസ്റ്റ് ഇത്തവണ, തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ച് മാർച്ച് 22,23,24 തീയതികളിലായി നടത്തപ്പെട്ടു. ഇതാദ്യമായി നമ്മുടെ കോളേജിൽ നിന്ന് രതീഷ് എൻ.സി. അജീഷ് പി.ബി, ആൽബർട്ട് കുരുവിള, വിൻസെന്റ് കെ. ദേവസ്യാ. അജീഷ് പി.ബി, ആൽബർട്ട് കുരുവിള, വിൻസെന്റ് കെ. ദേവസ്യാ എന്നിവർ പങ്കെടുക്കുകയുണ്ടായി. അതിൽ അജീഷ് പി.ബി. (മലയാളം പ്രസംഗം), ആൽബർട്ട് കുരുവിള (മലയാളം ഉപന്യാസം) വിൻസെന്റ് കെ. ദേവസ്യ (പോസ്റ്റർ ഡിസൈനിംഗ്, മോണോ ആക്ട്) എന്നിവർ സമ്മാനം കരസ്ഥമാക്കുകയുണ്ടായി. പങ്കെടുത്ത അഞ്ചിനങ്ങളിൽ നാലിലും സമ്മാനം കരസ്ഥമാക്കിയ അവർക്ക് എൻ.എസ്.എസ്. യൂണിറ്റിന്റെ അഭിനന്ദനങ്ങൾ നേരുന്നു.

ഈ വർഷത്തെ N.S.S. പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായങ്ങളും നൽകി ബഹു. പ്രിൻസിപ്പൽ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, പ്രോഗ്രാം ഓഫീസേഴ്സായ ശ്രീ. സി.എം. ജോർജ്, സിസ്റ്റർ വിൽസി, ശ്രീ. തോമസ് സെബാസ്റ്റ്യൻ എന്നവർക്കും മിസ്. സിമി (Dept. of Zoology), മിസ് ഗ്രേസി (Dept. of Hindi), ശ്രീ. ജോബിൻ പി. മത്യു (I M.A. English) എന്നിവർക്കും ഞങ്ങളുടെ ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു. വരും വർഷങ്ങളിലും എവരുടെയും സഹായങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

തയ്യാറാക്കിയത് :
**ആൽബർട്ട് കുരുവിള**
**(II DC ഇംഗ്ലീഷ്)**

# From the NSS Diary



Inauguration of the NSS Activities by the Principal
Rev. Dr. Augustine Palackaparambil



Inauguration of the NSS Ten Day
Camp at Churuly by
Rev. Fr. Joseph Kottoor



Campus Beautification by the NSS
Volunteers



Releasing on the NSS Manscript Magazine
"Pravachakan" by Dr. D. Vinayachandran



All set to toil... N.S.S. Work Camp at Churuly




# FREE EYE TESTING

കണ്ണടകൾക്കും
കോൺടാക്ട് ലെൻസുകൾക്കും

## DEVAMATHA OPTICALS

**Panchayat Shopping Complex**
**Ph: 230032**
KURAVILANGAD

From the house of

# ROSE OPTICALS

**COMPUTERISED EYE TESTING & CONTACT LENS CLINIC**

| ETTUMANOOR | KOTTAYAM | AYARKUNNAM | PALA |
|---|---|---|---|
| Valliyath Bldg. | Manorama Jn. | Pullatt Bldg. | Kattakayam Bldg. |
| Ph: 537726 | Ph: 564926 | Ph: 542591 | Ph: 212370 |

# ഓറട്ടറി ക്ലബ്



*Oratory Club members with the Principal Rev. Dr. Augustine Palackaparampil and the Director Sri. M.S. Michael*

**ചി**ന്തകളുടെയും ആശയങ്ങളുടെയും ലോകത്ത് ഒരുമിച്ച് കൂടാൻ അവസരമൊരുക്കുന്ന ഓറട്ടറി ക്ലബ്. സൗഹൃദത്തിന് ആശയങ്ങളുടെ ലോകത്ത് പുതിയമാനങ്ങൾ പകരുന്ന ഓറട്ടറി ക്ലബ്. വിവിധ ക്ലാസ്സുകളിൽ വിവിധ വിഷയങ്ങളിൽ പഠനം നടത്തുന്നവരെ ഒരേ ചിന്താധാരയിലേക്ക് വഴിനടത്തുന്ന ഓറട്ടറി ക്ലബ്. 32 വയസ് തികയുന്ന ദേവമാതാ കോളേജിലെ ഈ മഹാപ്രസ്ഥാനത്തിന് ഇന്ന് മാർഗ്ഗനിർദ്ദേശങ്ങളും നേതൃത്വവും നൽകുന്നത് ഡയറക്ടർ ശ്രീ. എം.എസ്. മൈക്കിൾ സാർ ആണ്.

എല്ലാ ബുധനാഴ്ചകളിലും ഒത്തുചേരുന്ന ക്ലബിലെ അംഗങ്ങൾ പ്രസക്തവും പ്രധാനവുമായ വിഷയങ്ങളെപ്പറ്റി ചർച്ചകൾ നടത്തുന്നു. ഓറട്ടറി ക്ലബിൽ സജീവസാന്നിധ്യമറിയിച്ച് ഒരു പുതിയ തുടക്കമിട്ട MA (English) ക്ലാസ്സിലെ വിദ്യാർത്ഥിനികളെ പ്രത്യേക സ്മരിക്കുകയാണ്. ഞങ്ങളുടെ സമ്മേളനങ്ങൾ സന്ദർശിച്ച് ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ഓറട്ടറി ക്ലബിന്റെ വളർച്ചക്ക് വളക്കൂറുള്ള ഒരു മണ്ണ് നൽകുകയും ചെയ്ത പ്രിൻസിപ്പൽ ഫാ. അഗസ്റ്റിൻ പാലയ്ക്കൽ പറമ്പിൽ വ്യത്യസ്തതയാർന്ന ഒരു മാതൃകയാകുകയായിരുന്നു.

ഓറട്ടറി ക്ലബ്, കോട്ടയം, ചങ്ങനാശ്ശേരി യുവദീപ്തി, നിർമ്മലാ കോളേജ് മൂവാറ്റുപുഴ, കെ.ഇ. കോളേജ് മാന്നാനം, എസ്.എച്ച്. കോളേജ് തേവര എന്നിവിടങ്ങളിൽ സംഘടിപ്പിക്കപ്പെട്ട മത്സരങ്ങളിൽ ക്ലബംഗങ്ങൾ സജീവസാന്നിധ്യമറിയിക്കുകയുണ്ടായി. കെ.ഇ. കോളേജിൽ വച്ചു നടത്തപ്പെട്ട ഡിബേറ്റിൽ സിൻസി ജോസഫ് II DC English), അൽബർട്ട് കുരുവിള (II DC English) എന്നിവരടങ്ങുന്ന ടീം മൂന്നാം സ്ഥാനം നേടുകയും ചെയ്തു.

ഈ വർഷത്തെ ബാബു ചാഴികാടൻ സ്മാരക ദേവമാതാ ട്രോഫി ഡിബേറ്റിന്റെ പ്രമേയം 'POTO പൗരസ്വാതന്ത്ര്യത്തിന് ഭീക്ഷണിയാകും' എന്നതായിരുന്നു. ഏറ്റവും നല്ല ഡിബേറ്ററായി തിരുവനന്തപുരം യൂണിവേഴ്സിറ്റി കാമ്പസിലെ ജി.



*Miss Saina Baby of Alphonsa College Pala who lifted the title in the 11th Babu Chazhikadan Memorial Intercollegiate Debate receives the Rolling Trophy from Sri. Thomas Chazhikadan MLA.*

അജികുമാർ തെരഞ്ഞെടുക്കപ്പെട്ടു. പാലാ അൽഫോൻസാ കോളേജിലെ റോഷ്നി ജോൺ, സൈന ബേബി എന്നിവരടങ്ങുന്ന ടീം ഒന്നാം സ്ഥാനം നേടി.

2002 ജനുവരി 21 ന് നടന്ന ബോബി പോൾ സ്മാരക പ്രസംഗ പ്രതിഭാ മത്സരത്തിൽ റോഷ്നി ജോൺ (അൽഫോൻസാ കോളേജ്, പാലാ), അനീഷ് പി. രാജൻ (എസ്.എച്ച്. കോളേജ്, തേവര), ജി. അജയകുമാർ (യൂണിവേഴ്സിറ്റി കാമ്പസ്, തിരുവനന്തപുരം) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

ബോബി പോൾ അനുസ്മരണ പ്രഭാഷണവും സമ്മാനദാനവും 2002 ഫെബ്രുവരി 1 ന് സംഘടിപ്പിച്ചു. പ്രസ്തുത ചടങ്ങിൽ ശ്രീ. റ്റി.കെ. ജോസ് IAS (ഡയറക്ടർ, കുടുംബശ്രീ) 'പ്രതിഭയും സർഗ്ഗാത്മകതയും' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണവും അവതരിപ്പിക്കുകയുണ്ടായി.

ഓറട്ടറി ക്ലബിനെ സംബന്ധിച്ചിടത്തോളം 2001-02 വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു വർഷമാണ്. ക്ലബിന്റെ നിറഞ്ഞ സാന്നിധ്യമായിരുന്ന ഒട്ടേറെ പ്രതിഭകൾ തങ്ങളുടെ പഠനം പൂർത്തിയാക്കി കലാലയത്തിന്റെ പടവുകൾ ഇറങ്ങുകയാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ക്ലബിനുവേണ്ടി ഒട്ടേറെ സമ്മാനങ്ങൾ നേടിയെടുത്ത ജ്യോതി തോമസ് (III DC Physics), രോഹിത് സെൻ (III BCom) ഗീതാ മേരി ജിമ്മി (III BCom), ഒരു വർഷക്കാലം ക്ലബിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. സനേഷ് ജോസ് (III DC BCom) തുടങ്ങിയ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ തങ്ങളുടെ ബിരുദപഠനം പൂർത്തിയാക്കി ദേവമാതാ കോളേജിനോട് വിടപറയുകയാണ്. ക്ലബിന്റെ സജീവപ്രവർത്തകരായിരുന്ന ഇവരോരുത്തർക്കും; ക്ലബിന്റെ പേരിലും മൈക്കിൾ സാറിന്റെ പേരിലും ഓരോ ക്ലബ് മെമ്പേഴ്സിന്റെ പേരിലും എല്ലാവിധ മംഗളങ്ങളും നേരുന്നു.



Miss. Roshni John from Alphonsa College pala. Who was elected the best debator in Boby Paul Memorial Intercollegiate debate receives the trophy from Sri. T.K. Jose I.A.S.

ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയ ബഹുമാനപ്പെട്ട അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിലച്ചനും ഡയറക്ടർ M.S. മൈക്കിൾ സാറിനും ഓറട്ടറി ക്ലബിനെ മനസ്സുകൊണ്ട് സ്നേഹിക്കുകയും വളർത്തുകയും ചെയ്ത എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും ഹൃദയംഗമമായ ഒരായിരം നന്ദി അറിയിച്ചുകൊള്ളട്ടെ!

സെക്രട്ടറി
ജ്യോതി യു., II BCom

With Best Compliments from

നേഴ്സിംഗ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

കേന്ദ്ര ഗവ. അംഗീകൃത നേഴ്സിംഗ് അസിസ്റ്റന്റ്, ലാബ്, എക്സ-റേ ടെക്നീഷ്യൻ, ജനറൽ നേഴ്സിംഗ് (PVt.) കോഴ്സുകളിലേക്ക്. പെൺകുട്ടികൾക്കും കന്യാസ്ത്രീകൾക്കും മാത്രം S.S.L.C. Pass/Fail & above ഹോസ്റ്റൽ സൗകര്യമുണ്ട്.

1500/- രൂപ വരെ സ്റ്റൈപ്പന്റോടു കൂടി ആശുപത്രി പരിശീലനവും ജോലിയും

സെന്റ് മേരീസ് കോളേജ് ഓഫ് പാരാമെഡിക്കൽസ്

ചർച്ച് റോഡ്, പള്ളിക്കവല, കുറവിലങ്ങാട്, കോട്ടയം

ഫോൺ : 0482-230306(O), 231321(R)

# ഓർമ്മക്കുറിപ്പ്



ദേവമാതാ കോളേജുമാഗസിന്റെ താളുകളിൽ വർഷങ്ങളോളം സ്റ്റാഫ് എഡിറ്ററായും, N.S.S. Programme Officer ആയും വിളങ്ങി നിന്ന വാഴയിൽ സാർ ഈ മാഗസിന്റെ താളുകളിൽ ഓർമ്മക്കുറിപ്പായി മാറുകയാണ്. തന്റെ കർമ്മമണ്ഡലത്തിലെല്ലാം അഗാധമായ വിടവു സൃഷ്ടിച്ചുകൊണ്ട് 2002 ഫെബ്രുവരി 28-ാം തീയതി അദ്ദേഹം നമ്മിൽ നിന്നും പറന്നകന്നു.

അദ്ധ്യാപനം തപസ്യയായി സ്വീകരിച്ചുകൊണ്ട് അതിന്റെ ഔന്നിത്യത്തിലേക്കുള്ള പ്രയാണത്തിലാണ് അദ്ദേഹത്തിന് തന്റെ ജീവൻ ബലിയർപ്പിക്കേണ്ടി വന്നത്. അറിവിന്റെ മേഖലകൾ കൈയാളുവാനുള്ള അദ്ദേഹത്തിന്റെ തൃഷ്ണ ഏവർക്കും മാതൃകാപരമാണ്.

അടിയുറച്ച ദൈവവിശ്വാസിയും വിദ്യാർത്ഥികളുടെ മനമറിഞ്ഞു പ്രവർത്തിക്കുന്ന ഒരു മാതൃകാദ്ധ്യാപകനുമായ വാഴയിൽസാറിനു ഏതു കാര്യങ്ങളിലും ഒരു പ്രത്യേകത പുലർത്തണമെന്നു നിഷ്കർഷയുണ്ടായിരുന്നു. സാറിന്റെ വേർപാടിലും അതിനു മാറ്റമുണ്ടായില്ല.

വേർപാട് ദുഃഖമാണ്, വേദനാജനകമാണ്. ചിലതരം വേദനകൾക്ക് ഒരു സാന്ത്വനവുമില്ല. ചിലതരം നഷ്ടപ്പെടലുകൾക്ക് നിത്യതയുടെ അകമ്പടിയുണ്ട്. താനുമായി ബന്ധപ്പെട്ട ഏവരുടെയും ആത്മാവുകളിൽ സുഗന്ധലേപനം പുരട്ടിയ മഹത്തായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വാഴയിൽസാർ. നിസ്സാരകാര്യങ്ങളിൽപോലും പൂർണ്ണത പ്രാപിക്കാനുള്ള അദമ്യമായ ആഗ്രഹം സാറിന്റെ പ്രവർത്തനങ്ങളിൽ നമുക്കു കാണാം.

"ദൂരേസന്തപ്രകാശന്തേ,
ഹിമവന്ത ഇവപർവതാ"

സജ്ജനം ഹിമവൽപർവ്വതത്തെ പോലെ ദൂരെ നിന്നും കാഴ്ചയിൽപ്പെടുന്നു. വാഴയിൽസാർ ഈ കോളേജിന്റെയും കോമേഴ്സ് കുടുംബത്തിന്റെയും കാഴ്ചയിൽ എന്നുമുണ്ടായിരിക്കും.


അകാലത്തിൽ അകലങ്ങളിലേക്ക് പറന്നുയർന്ന് ഓർമ്മകൾ മാത്രമായ് അനശ്വരതയിൽ ലയിച്ചുചേർന്ന വാഴയിൽസാറിന് ഈ സഹപ്രവർത്തകയുടെ കണ്ണീർപുഷ്പങ്ങൾ.....

**Prof. Thresiamma John,**
**Dept. of Commerce**

With Best Compliments from
PATANI SHOPPEE
DUTY PAID & GIFT CENTRE
Kuravilangad

# ഗുരുദക്ഷിണ

ശാന്തി വി. നായർ, III BCom



"മാതാ, പിതാ, ഗുരു, ദൈവം" എന്ന ഭാരതീയ ചിന്തയിൽ ഗുരുവിനുള്ള സ്ഥാനം വളരെ ശ്രേഷ്ഠമാണ്. ഗുരുനാഥൻ എന്ന ഞങ്ങളുടെ സങ്കല്പത്തിന്റെ പൂർണ്ണരൂപമായിരുന്നു 'വാഴയിൽ സാർ' എന്നു സ്നേഹത്തോടെ വിളിക്കപ്പെട്ടിരുന്ന തോമസ് സെബാസ്റ്റ്യൻ സാർ. സ്നേഹിക്കാനും, സ്നേഹിക്കപ്പെടാനും കഴിയുകയെന്നത് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം വളരെ അനുഗ്രഹമാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം, സ്നേഹമയനായ ഒരു ഗുരുനാഥനായിരുന്നു അദ്ദേഹം. നാം കൂടുതൽ സ്നേഹിക്കുന്നവർ നമുക്കു പെട്ടെന്നു നഷ്ടപ്പെടും എന്ന മിത്ത്, സാറിന്റെ വേർപാടോടുകൂടി കൂടുതൽ വിശ്വസനീയമാകുന്നു.

ദേവമാതാ കോളേജിന്, പ്രത്യേകിച്ച് കോമേഴ്സ് വിഭാഗത്തിന്, അതിലുപരി അദ്ദേഹത്തിന്റെ ശിഷ്യരായ ഞങ്ങൾക്ക് സാറിന്റെ വേർപാട് നികത്താനാവാത്ത നഷ്ടമാണ്. പഠിപ്പിക്കുന്ന വിഷയത്തിൽ നല്ല അവഗാഹമുള്ളതിനു പുറമെ തനിക്ക് അനുഭവപ്പെട്ടിട്ടുള്ള ജീവിതയാഥാർത്ഥ്യങ്ങൾ ശിഷ്യർക്ക് പകർന്നു കൊടുക്കുന്നതിൽ അദ്ദേഹം വളരെ തല്പരനായിരുന്നു. വിദ്യാർത്ഥികളെ പൂർണ്ണമായും മനസ്സിലാക്കുകയും അവരുടെ പ്രശ്നങ്ങളെ സ്നേഹപൂർവ്വം പരിഹരിക്കുകയും ചെയ്ത ഗുരുനാഥൻ, സർവ്വോപരി, എല്ലാകാര്യങ്ങളിലും ഒരു ബാഹ്യശക്തിപ്രവർത്തിക്കുന്നുണ്ടെന്നു വിശ്വസിച്ച തികഞ്ഞ ഈശ്വരവിശ്വാസി.

ഏതൊരു വ്യക്തിയേയും സ്നേഹിക്കുവാനും, സ്വീകരിക്കാനും, അംഗീകരിക്കാനും കഴിയുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായ വാഴയിൽസാറിന്റെ ശിഷ്യരായിരുന്ന ഞങ്ങളെന്നുള്ളത് അഭിമാനകരമാണ്. ഞങ്ങളുടെ ഗുരുനാഥനും, സ്നേഹിതനും സഹോദരനുമെല്ലാമായിരുന്ന വാഴയിൽ സാർ സമ്മാനിച്ച ഒരുപിടി നല്ല ഓർമ്മകളിൽ അദ്ദേഹമെന്നും നിറഞ്ഞു നിൽക്കും. 'ഒരിക്കലും മരിക്കാത്ത നിത്യസത്യമായ്' ഇന്നലെകൾ നാളെയിൽ മറയുമ്പോഴും സാറിന്റെ ആത്മാവ് നമ്മോടൊപ്പമുണ്ടാവും.

വിജ്ഞാനത്തിന്റെ കാണാപ്പുറങ്ങൾ തേടിയുള്ള യാത്രയ്ക്കിടയിൽ ഞങ്ങൾക്കു നഷ്ടമായ ഗുരുഭൂതന്റെ ആത്മാവിനും മുമ്പിൽ പ്രാർത്ഥനയോടെ ഒരുപിടി കണ്ണീർപൂക്കൾ.

# ദേവമാതാ, നിനക്കായ്

ജ്യോതി തോമസ്, III D.C. Maths



ദേവമാതാ, നീയെന്നുമെന്റെ
കൂട്ടുകാരി നീയാണെന്റെയീ
മനസിലറിവിന്റെ മധുനിറച്ച
ജീവനുതുല്യമാം പ്രകാശമേകിയ
രസനയ്ക്കുണർവ്വു പകർന്ന
ദേവമാതാ നീയെന്റെ കൂട്ടുകാരി.
എന്റെ ചിത്രങ്ങൾക്കു മിഴിവേകിയ
ദേവമാതാ നീയൊരുതുല്യചിത്രകാരി

അമ്മതൻ വാത്സല്യം ചൊരിഞ്ഞ
ദേവമാതാ നീയെന്നിക്കൊരമ്മ
നീ നല്കിയൊരചാര്യവൃന്ദവും
നീയേകിയ സൗഹൃദത്തിൻ
തണലുമെൻ മനസിലെന്നു-
മൊരാർദ്രമാം തലോടലായ്
വിദ്യതൻ ശ്രീകോവിലിൽ നീ
വിളങ്ങട്ടെയെന്നുമുന്നതമായ്

With Best Compliments from

BATA

EXCLUSIVE SHOW ROOM

Panchayat Bus Terminal
Pallikavala, Kuravilangad
Ph: 231857, 230862

All kinds of Shoes, Foot wears, and school bags

# WHO AM I?

Siyamol George, IIDC English



I am the most beautiful creation in the
Mind of my creator, the God almighty
I am the bliss of a skylark when the
Rain is coming from the heaven.

I am the sparkle of lightining and the
Beautiful sound that follows it.
I am the last drops of a candle when it
Shines in its last glitter.

I am the rolling pebbles in the streams
When the rain is heavilly falling.
I am the bell of the bicycle when the
Newspaper boy goes on his bicycle.

I am the most favourite daughter of my God,
And he looks after me with great compassion.
I am the twittering of birds in the early morning
And in the twinkling of bells I hear my hearts songs.

Sometimes I am as silly as a goose
And sometimes I am as harmless as a dove
I like friends and they are my weakness
Sometimes they cheat me, but I can't hate them.

I like to keep, these beautiful images
In my mind's softest corner.

# THE DAWN

Rosemin Jose, I DC Physics



The dawn twinkles like a star
Which has just come out
With the full throuted case of
Innocence, calmness, and spiritually.

The land is covered with the beautiful
Gown of snow given from her beloved, the sun
The tree tops. the grass lands, all are carrying
Pure snow drops twinkling like diamonds in the
sunshine.

A light breeze began to pat the flowers
Which are still asleep in their leaf lets
The dawn chorus of the birds begins
Inorder to wake up the people on their beds.


The fishes began to play in the streams
like a silver rainfall in the garden of nature
A beautiful rain bow apperas in the sky
Like the blessings of Gods to the child hood

The moon, the stars, all are going back
On seeing the arrival of their king, the sun
Like the departure of sorrows from the mind
Which begins to realise the warmth of love

# Glimpses from Onam Celebrations



M.G. University P.R.O. James Joseph Inaugurates the Onam Celebrations














# Did you know?

Anil Mathew Kurian, II B.Com

**1. Raining of fishers from the sky?**

Can you imagine a weather forecast "Cloudy with periods of fish showers"? It has rained fish. Water-spouts have lifted fish high in the air and strong winds have landed them inland. In 1887, a down pour of herring came down at Appin, Scotland.

Hurricanes and Tornadoes lift all sorts of creatures up, and often carry them hundreds of miles. In 1900, after a violent storm frogs and assorted insects were poured down in various parts of England. However, despite all the talk it has never rained cats & dogs.

**2. Tallest mountain - "Everest Vs Kauna Kea"??**

Mt. Everst is not the world's tallest mountain. Kauna Kea mountian in the Havailan islands is about 230 mtrs taller than Mt. Everst. It is 4,201 mtrs above the sea level plus 4,877 mtrs under water. That is total 9,078 mtrs whereas Mt. Everst is only 8,848 mtrs.

**3. Catching fish in the sahara !!**

You can catch fish in the Sahara desert. There are many underground streams under the desert. People who have dug down this under ground water have caught live fish in it.

**4. The Ashes test series.**

The term, the Ashes, was first used after Australia had beaten England in a match in London duringt 1880s. An English newspaper printed what is called death notice of English cricket. It ended with there words " The body will be cremated and the ashes taken to Australia. The folowing year an English team went to Australia and won a series. Some Australian women burned a part of the wicket and presented the ashes in an urn to the English team captain. The urn was taken to Lords where it has remained ever since. The ashes test series then stared as an event.

**5. Sweet dreams !!**

Everyone dreame every night. By measuring eye movements brain wave patterns, breathing and the pulse rate, scientists have been able to find out just when a sleeper is dreaming. Most people dream one-fifth of the time they sleep. There seems to be a strong need to dream. Dreaming acts as a safety valve to relese tensions, and it is a means of expressing wishes and fears. Wishing all of you sweet dreams.

**(Compiled from : The Hamlyn book of facts and fallaciers)**

*With Best Compliments from*

**ദിലീഷ് പിള്ള**

**III DC Physics**





# ON MY DEATH..

Aiswarya Appachan, II DC Zoology

Why oh Why??
Oh my love, you mourn for me?
Your sobs, so clear, I'm afraid, may wake me up.
For I love this sleep, so deep and cosy

See these wrinkles on my face;
Presented by the worries of life
And my eyes tired and sunken;
Like a ball, deep in a pit

Can't you see, those weary ways.
Throughtout on which, I walked alone.
Froxen like ice, was my life;
No warmth of love ever melted it down

But now I lay , in my coffin,
With no hurries and no worries;
Safe and secure in those arms
Of whom we all know as DEATH



# FROM THE HEART

Sijo Joseph, III DC English

She said to the soldier
Fill the mind with fire
Fill the heart with fire
Forget about our garden
Forget our tender dreams
Which we had shared
In that winter night
Then you al win the battle.


Between fire and tear in his twinkling eyes
Soldier asked;
Don't you remember our little house
Which is built together with our little dreams ?
We laughed together
We dremt together
We wept together
That house was distroyed
By the buldozer of cruel fate.
Now from our reality
I am going alone.

Then, she said;
There is an ocean
Violently roaring inside my mind
But with out tears
I wish you good luck
Remember,
You are going to win the battle
Fill the mind with fire
Fill the heart with fire
May God be with you



# AN UNFORGETTABLE INCIDENT FROM MY SCHOOL DAYS

Jacob Alex, IIDC Botany



Before coming to this college for my predegree course I was studying in Labour India Gurukulam Public School; I was a member of the first batch. I joined there in the 5th standard. As years passed, new rules and regulations came into existence. We were not allowed to speak any language other than Enlgish on all the days of the week except Thursday. On Thursday we were free to speak Malayalam. The principal's only time pass was patroling through the verandaha to catch the students violating the rules.

One day my father came to the school to pay my fees. The director and my father were class mates and knew each other but the principal was a new person and he was not so familiar with my father. I was studying in the Gurukulam because that year I was supposed to appear for the board exam. When I saw my father I ran to him and started talking to him about my family members and so on. It was all done in Malayalam. Principal heard all these chattings. I returned to the class when my father went back home after paying the dues. After the 1st period the principal came to the class and without any hint started firing at me. I could'nt even understand the matter. At the end in a very angry mood he asked me why I did so. I asked what mistake I had committed. Then he told me that he found me talking to a stranger in malayalam very lavishly. Just then my class teacher came to the class to take class. Without showing any patience to hear my part he went to the office. In the short recess time one of my friends told him the matter. I told everyone that I really felt it. After the 3rd period it was the principal's class on economics. Before going to the portions he asked me to stand up. I thought he was going to continue his firing and advice. But it was just the opposite of what I thought. He told me to pardon him for whatever had happend. Actually he told me, "sorry boy I didn't really know that it was your father. Truly it was one of the unforgetable moments in m y life. I was a hero among my friends. After all it is not a small thing to hear a word like sorry and that also from the principal infront of all the students. According to me it is not a small thing is't it?

# THE RAIN

Albert Kuruvila II DC Eng.



When the first rain drops fall
On the broken heart of the earth
I wonder if I could feel the smell of new sand
That touched me for something

Like silver stones, the rain still falls.
Cool and happiness are in my heart and surroundings
When we were meeting for the first time in the street
The sorrows of strangeness were changed by a feeling.

Do you remember? What is that?
A rain... this rain... that rain....
Like a miracle, like the sixth sense rain falls!
For that, for me monsoon is a feeling.

Where is the barrier of mind that sees some dreams
Hey! I don't know that!
But the rain heavily falls into my heart
Like your presence dear, like your holy love

Like the beauty of my nightingale
They sky cries with smile
Some feelings make symphony in my mind
Like a holy touch, the rain drops fall into my heart

I know there is a long distance between us
But we are very close together with the sound of rain.

# Growing International Terrorism and Solutions

Lincy Joseph, II M.A. Eng.



September 11, 2001 was a 'Dark Day in the world history. It was on this day that the world realised the dangers it faces due to terrorism. Till then, only a handful of countries, including our own India, knew the threat posed by terrorism. On that fateful morning, terrorists stormed two hijacked planes into the twin towers of the World Trade Centre. The WTC, which was symbol of the worlds prosperous economy, was reduced into a heap of rubble. Till then, no direct terrorist attack had been conducted against the United Stated of America. Over 8,000 people were feared killed or reported missing in the WTC attacks. The USA declared a war on Bin Laden, his terrorist organization Al-Quade; and the Taliban. The Taliban regime came to an end. There is no news about Bin Laden.

India has been fighting the menace of terrorism for over two decades now. Pakistan has been sponsoring cross-border terrorism. The bitter memories of the 1965 and 1971 wars and more recently the Kargil war, have made Pakistan realise that they cannot win a full-fledged war against India. That is why Pakistan had adopted a 'proxy war' strategy. They train and arm the so-called 'Mujahudeen' and allow them to cross the border to create havoc in Jammu & Kashmir. Thousand of BSF Jawans and armymen have lost their lives defending our country. Over 53,000 families have been left either orphaned or handicapped. The 'Halkat-ul-Mujahudeen', the 'Lashkar-E-Toiba' and the 'Jaish-e-Mohammed' are the main terrorist organizations operating in Jammu & Kashmir. India had been trying to make the world understand the dangers of terrorism. But no one seemed to be lis-

tening. But after sept. 11th, the whole scenario has changed. The whole world now realised the need to stand united against terrorism.

On 24th December 1999, terrorists hijacked an Indian Airlines flight IC 814 which was on its way to Delhi from Katmandu. The plane was hijacked and flown to the Taliban stronghold in Kandahar. One of the passengers who tried to resist was ruthlessly murdered in front of his wife. The terrorists demanded the release of three hardcore criminals who were in jails in India, in return for the passenger. One of these terrorist was Maulana Mazhood Azhar who later formed the terrorists outfit 'Jaish-e-Mohammed' (JeM) Releasing Maulana Mazhood Azhar proved to be costly for India. The JeM has claimed responsibility for most of the attacks in Jammu & Kashmir. The most dreaded weapon of these terrorists is the human bomb. On September 30th 2001, terrorists belonging to the JeM conducted a suicide attack on the Jammu & Kashmir assembly. 38 civilians lost their lives in this attack. It is purely ironical that Pakistan condemned this attack. Pakistan is a safe haven for terrorists.

On 13th December 2001, the terrorists conducted an attack on our Parliament. The Indian Parliament, which was a symbol of our democracy, came under attack while it was in session. The alertness of our security forces averted a major disaster. Brave officers lost their lives defending our Parliament. The jaish-e-Mohammed and the Lashkar-e-Toiba were responsible for this attack. This attack has led a war like situation between India and Pakistan. India has been following a policy of restraint because it knows that a nuclear war could prove fatal to the entire world.

The Pakistan President Pervez Mushauraff announced some stern measures against terrorism. He has banned the militants outfits responsible for the attack on Parliament. But this is not enough. He must put an end to all terrorist training Camps in Pok. One thing is clear. Musharaff knows how to talk, he does not know how to act.

To end terrorism, all nations have to stand united. Countries like Pakistan must take stern steps against terrorism. It is ironical that the United States sought the help of Pakistan in its war against terrorism. This proved to be a good chance for Musharaff to improve his image. The western countries must give up their notions of good and bad terrorism. Terrorism, in al its forms, must be eliminated from the world. Only a collective effort by all countries can make this happen. Countries which fund terrorists must stop doing so. Issues such as the Kashmir issue must be solved through



peaceful dialogue. Similarly the Israeli-Palestinian conflict must be solved amicably through dialogue. Diplomacy should be our weapon against terrorism. Autocratic regime such as those in Pakistan and Libya must be replaced by democratic ones. The world must persuade Pakistan to give up sponsoring terrorism. Then only we can put an end to this problem.

War can never be a solution to this problem. The war like atmosphere between India and Pakistan must be ended through de-escalation steps and confidence building measures such as dialogue.

Together, we can put an end to terrorism.

With Best Compliments from

ഹോട്ടൽ നൈനസ്

കുറവിലങ്ങാട്





# WAR & PEACE

**Shaiju Scaria, II BCom.**

War increases poverty, Peace decreases poverty
War makes tension, Peace concludes tension
War disturbs international stability, Peace makes internal strength.
War creates starvation Peace increases national income
War divides countries, Peace strengthens countries
War increases temperature, Peace decreases temperature
War disturbs eco-balance, Peace regularizes eco-balance
War makes enemies, Peace makes friendship
Is war necessary for peace?

# IN LOVING MEMORY OF WTC

**Jithika Ravindran, II DC - Economics**

I saw her in my mind, but
Yet she came there, the WTC
New York, my native place
Gave some miseries, losses
But Juliet, my only gain was she
I saw her in the paradise of London
At first sight her face stays in my heart
I thought about her, I dreamed about her
Thus my heart is always with her.
My heart was beating only for her
My days were passing only for her
I saw her and I called her
She came to me like an angel
She gave something to me and
I gave her the gift of mine
I saw her, and I called her
But her face gave only a blushing smile
She couldn't tell that happy news
But I knew everything from her
My words only appreciate her
But my heart scare hesan escape
From all that happened on that day
All are lost in my life.

With Best Compliments from
PAVANA RANI TAILORS
LADIES & KIDS
Central Junction, Kuravilangad



## Arts Club through Events from Inauguration Onwards











## Till now academically robbed........ in the end honourably robed.... Retiring Veterans accorded honourable exit.











ആശംസകൾ


# പെരുമാലിൽ ഗ്രാനൈറ്റ്സ്

അറുനൂറ്റിമംഗലം P.O.

പെരുവ

Phone : 0482-652333, 652344 (O)

652210, 652140(R)

- ✓ ക്രഷർ മെറ്റൽ ഓർഡർ അനുസരിച്ച് എത്തിച്ചുകൊടുക്കുന്നതാണ്.
- ✓ JCB, Tipper, Dozer, Jackhammer എന്നിവ വാടകയ്ക്കു കൊടുക്കുന്നു.
- ✓ ¼", ½", 40mm,60mm മെറ്റൽ ഓർഡർ അനുസരിച്ച് ഇറക്കിക്കൊടുക്കുന്നു
- ✓ ഉന്നത നിലവാരമുള്ള ക്രഷർ മണൽ ലഭ്യമാണ്.

# പെരുമാലിൽ ഗ്രാനൈറ്റ്സ്

അറുനൂറ്റിമംഗലം

ആശംസകൾ


# സേവാനികേതൻ സൊസൈറ്റി

ചേർപ്പുങ്കൽ

Reg. No. K 4069

*Owned by the Diocease of Pala & A unit of Khadi and Village Industries Board, Govt of Kerala.*

**സേവാനികേതൻ കാർപെന്ററി ട്രെയിനിംഗ് സ്കൂൾ**

**ദ്വിവത്സര കോഴ്സ്**

എല്ലാവിധ തടിപ്പണികളും –

**വാതിൽ, ജനാലകൾ, അലങ്കാര വാതിലുകൾ**

– മനോഹരമായി ചെയ്തുകൊടുക്കുന്നു.

**WOODIND FURNITURE, CHERPUMKAL**

Phone : 0482 - 255963



The Principal receives a floral tribute from the Chairman on the occasion of the Silver Jubilee of his Priestly Ordination



The Inauguration of Anti-Narcotic Camp by Msgr. Philip Njaralakkatt



Fr. Joseph Thannipara Memmrial lecture - Dr. Sukumar Azhikodu delivering the first lecture of the series

# ALUMNI ASSOCIATION ACTIVITIES




P.M. Mathew Ex. MLA addresses the Alumni Association Meeting



Gathering of Ist Batch of B.Sc. Maths students



Inauguration of the Anti-Narcotic Awareness Programme by Dr. Baby Thomas, Director, Distance Education, M.G. University

Sri. Edamattom Ratnappan against erosion of values (Awareness Programme for II & III DC Non Catholic Students)






Committed to ensuring an ecofriendly Campus - Haritha Club Inauguration by Sri. Sibi George IFS

## Farewell to......



**P.O. DEVASIA**
Lab Assistant
From. 2-8-71 to 31-8-01

## Felicitation to.....



**Dr. BENNY JOSEPH**
On Deputation as Asst. Director
Distnace Edn. M.G. Uty.

## Congratulations to ....



**VINCENT K. DEVASIA**
Kalaprathibha



**MOHAN BABU**
Kalaprathibha



**LINCY JOSEPH**
Kalathilakom



**NEENA THOMAS**
Miss Devamatha



**MATHEWS K MATHEWS**
General Captain



**BEJOY JACOB**
Sports Champion



Sports Champion



**JITHIN C. BOSE**
who participated in all India Trekkking Camp held at Agasthykudam



**PRAVEEN BABU M.**
who participated in all India Trekkking Camp held at Agasthykudam

# വാക്ക്

രതീഷ് എൻ.ഡി., IDC Economics

ഒരിക്കൽ
ഞാൻ മറന്നുപോയ
ഏതോ വാക്ക്
ഓർക്കാൻ ശ്രമിക്കുമ്പോൾ
കാട്ടുപാതയിലെ
നിലാവിന്
എതിരഭിപ്രായം
നിലാവില്ലാത്ത
ഒറ്റയടിപ്പാതയിലൂടെ
തലനരച്ച
കോമാളിയുടെ
കൈപിടിച്ച് നടക്കുമ്പോൾ
എന്റെ മറു കൈ
ചിരിക്കുന്നു.
വീതികുറഞ്ഞ
തേക്കിൻപാലത്തിലൂടെ
അഭ്യാസിയെപ്പോലെ-
നടക്കുമ്പോൾ
താഴെ മരണം
കരിയിലക്കൂട്ടവുമായി
നിൽക്കുന്നു.
പഴയ ഒരു
കുഴിമാടത്തിൽ
അമ്മാവുണ്ടെന്നു
കരുതി,
ആളുകൾ കുരിശു
പണിയുന്നു
ശവപ്പറമ്പിലെ
ഏകാകി ആയ
ഒരു സഞ്ചാരി
എന്നെക്കുറിച്ച് എന്തോ
ഉറക്കെ പറയുന്നു
അത് ശ്രദ്ധിക്കാതെ
ഞാൻ പണ്ടെങ്ങോ
മറന്ന ആ വാക്കിന്
വേണ്ടി പാറയിൽ
വീണ് ചിതറിയ
ഒരു ഹൃദയത്തിൽ
പരതുന്നു

# അവൾ

ജെമിനി സെബാസ്റ്റ്യൻ, IDC Economics



പൊട്ടിത്തകർന്ന സ്ഫടിക പാത്രത്തിന്റെ
മട്ടും മനസ്സുമാണിവൾക്ക്
ഞെട്ടറ്റടർന്നു ധരണീതലത്തിലായ്
വാടികരിഞ്ഞു കൊഴിഞ്ഞൊരു പൂവിതൾ.
കാട്ടാള നീതിതൻ അമ്പേറ്റു കേഴുന്ന
കാട്ടിനകം പൂണ്ട പേടമാനാണിവൾ.
നീർവറ്റിയമ്പേ വരണ്ടതൻ കൺകളിൽ
ഏതോ വിഷാദത്തെ കാത്തുസൂക്ഷിക്കുവോൾ
മുറ്റിത്തഴയ്ക്കും വിശപ്പകറ്റീടുവാൻ
മുറ്റങ്ങൾതോറും കയറിയിറങ്ങുവോൾ
ആരാന്റെ കുപ്പത്തൊട്ടികൾ കനിഞ്ഞിടും
പാഴ്‌വസ്തുവേന്തി കിതച്ചുനടയ്ക്കുവോൾ
ചെയ്യാത്ത കുറ്റ ശിരസ്സാ വഹിയ്ക്കുവാൻ
ചൊല്ലും ജനങ്ങളെ നോക്കി വിതുമ്പുവോൾ.
ഒപ്പം ചരിയ്ക്കുന്ന തൻനിഴൽപോലുമി-
അഗ്രവിപത്തെന്നുതോന്നിഭയയ്ക്കുവോൾ.
ആരിവളാരിവളെന്നു ഞാൻ തേടവേ
ഉള്ളിൽ നിന്നാരോമൊഴിയുന്നു
നീ തന്നെയാണിവൾ.
ഏകാന്തമാം ജീവിതയാത്രയിൽ
എന്നും കിനാവുകൾ മാത്രം-
നൽകി കടന്നുപോംമീയാത്രയിൽ
നേരുന്നു ഞാനും നന്ദി മാത്രം.



ജോബി കെ. തോമസ്, I DC Chemistry

# മഴ

എൻ ആത്മാവിൽ, സ്വപ്നത്തിൻ കുളിർമഴ
ഒരു മഞ്ഞുതുള്ളിതൻ സൗകുമാര്യമായ്,
ഒരു വസന്തകാലത്തിൻ നവ്യോർമ്മയായ്,
ഒരു കാറ്റായ്, ഒരു കുസൃതിയായ് മഴ എൻ ആത്മാവിൽ പെയ്തിറങ്ങുന്നു
കുളിർകാറ്റ് മേനിയിൽ തട്ടിത്തലോടിയപ്പോൾ
ഞാനറിഞ്ഞീല, പിന്നെയെപ്പോഴോ കലപില
പാടി മഴ വന്നപ്പോൾ, ഒരു ദീർഘനിശ്വാസ
ത്താൽ സ്വപ്നത്തിലേക്ക് ഊളിയിട്ടു ഞാൻ.
ഇനിയും മഴ, മഴയാണ് സർവ്വം
മഴയിൽ കുതിർന്ന മനസ്സും നവസ്വപ്നവുമായി
ഞാൻ വീണ്ടും ഈകോലയിൽ; നവ-
ചേതനയുടെ നുറുങ്ങുവെട്ടം എൻ മനതാരിൽ,
അകലെയെവിടെയോയുദ്ധത്തിൻ കാഹളധ്വനി
അത് അമേരിക്കയോ, പാക്കിസ്ഥാനോ...
എനിക്കറിയില്ല, അറിഞ്ഞാലും എനിക്കറിയില്ല
ഭൂമിമാതാവിന്റെ ശിരസ്സിലർബുദം വിതച്ച്
അവൻ മുന്നേറുന്നു, ഭ്രാന്തനായി അവൻ
കായേനേപ്പോലെ, എന്റെധരത്തിലെ
ആദ്യാക്ഷരമായ എന്റെ അമ്മ മാത്രം...
അമ്മയുടെ സ്വച്ഛമായ മടിയിൽ
നിന്നിളം പുഞ്ചിരിയുമായ് ഞാൻ, ഈ ലോകത്തിനോട് പറയും
ഇനിയും ശാന്തി അതൊരു മഴയായ് പെയ്തിറങ്ങട്ടെ



# പാലായനം

അരുൺ ജോസഫ്, II DC Malayalam

പകലവൻ അണഞ്ഞു
ചെമ്മാനത്തിന്റെ മാറിൽ,
ഇരുളിന്റെ മുടിയഴിഞ്ഞു വീണു,
വിജനമായ തെരുവിന്റെ ആത്മാവിൽ നിന്നും
നിശബ്ദതയുടെ ദുർഗന്ധം പടരുന്നു,
മലയുടെ ഉള്ളറയിൽ മറഞ്ഞിരിക്കുന്ന,
'വിശുദ്ധ യുദ്ധ' പോരാളികൾ.
നിശബ്ദമായി പറന്നെത്തിയന്നവും, മരണവും
വിതറി മടങ്ങുന്ന യുദ്ധപരുന്തുകൾ.
കത്തിയമരുന്ന നിസ്സഹായാ ജന്മങ്ങൾ.
വേനൽ ഭീകരനൃത്തമാടി,
പിഞ്ഞിക്കീറിയ പാടങ്ങൾ
അലമുറയിട്ടു തലതല്ലിയലയുന്ന
പൊടിക്കാറ്റിന്റെ വിലാപം
ബുദ്ധപ്രതിമ തച്ചുടച്ചു
നിർമ്മിച്ച് വഴിത്താരകൾ
പ്രതീക്ഷയുടെ ചെറുറാന്തൽ തെളിച്ച്,
അഫ്ഗാന്റെ മക്കൾ വീണ്ടും
പാലായനം തുടരുന്നു





# ഒരു സ്വപ്നം- വേഴാമ്പൽ

Amalraj M. I BSc Physics



രാഗം വിടർത്തുന്ന തേന്മാവിൻ പൂവിന്റെ
മാറത്തണയും ശലഭമായ് ഞാൻ
പനിനീരലകളിലൊരു കുഞ്ഞുതോണിയിൽ
വിരഹമൊടുക്കാനണഞ്ഞിടാം ഞാൻ
പരിധികൾ തേടിക്കുതിക്കുന്ന താരം പോൽ
നിൻരാവിലൂടെ പടർന്നിറങ്ങാം
ചെഞ്ചോരകിനിയുന്ന നിൻമലർച്ചൊടികളിൽ
മണിമുത്തമൊന്നു ഞാൻ നല്കീടട്ടെ
ചുടുനിൽപ്പാടുകൾ തീർക്കുന്നഹസ്സിന്റെ
കരിമുകിൽ വാർത്തൊരു ചന്ദ്രികയാൽ
തുളച്ചീട്ടിടല്ലേ; യെൻ സ്വത്വത്തെ നീയൊരു
കല്പാന്ത പ്രളയത്തിൻ കാലത്തോളം

With Best Compliments from

# ഭാരത് മാതാ കോളേജ് ഓഫ് മെഡിക്കൽ ടെക്നോളജി

(ഗവ. ആശുപത്രിയ്ക്ക് സമീപം, Govt. Regd. No. K. 418/85)

(കേന്ദ്രഗവ. MHRD-JSS അംഗീകൃതം)

കുറവിലങ്ങാട്

Ph: 0482 230294, 230583, 230768(R)

**Course Offerd**

(A)-B.S.S. അംഗീകൃതം

1. കേരള ഗവ. അംഗീകൃത SNTTC (1Year)
2. ഗവ. ആശുപത്രി പരിശീലനത്തോടുകൂടിയ Practical Nursing & First Aid (1 year)

(B) കേന്ദ്ര ഗവ. JSS-MHRD അംഗീകൃതം

1 Medial Laboratory Technician (1 year)
2. X-Ray & E.C.G. (1 Year)
3. Practical Nursing (1 Year)

(C) AIMLTA-New Delhi അംഗീകൃതം

Diploma in Medical Laboratory Technology (1 year/2 Years)

(D) KPPMA അംഗീകൃതം

1 നേഴ്സിംഗ് & മിഡ്വൈഫറി (1 year/2years)
2 ഹോസ്പിറ്റൽ നേഴ്സിംഗ് & മിഡ്വൈഫറി (3years)
3 ലാബോറട്ടറി ടെക്നീഷ്യൻ
4 ഫാർമസി
5 എക്സറേ & ഇ.സി.ജി.

**ഹോസ്റ്റൽ സൗകര്യം, കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും പ്രവേശനം**

## അഡ്മിഷൻ തുടരുന്നു

Director

# ഗാന്ധിജിയും അഹിംസയും

ജോസഫ് തോമസ്, II DC BCom



അഹിംസയിലൂന്നിയ ജീവിതംകൊണ്ട് ലോകത്തെ ധന്യമാക്കിയ മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന മഹാത്മാഗാന്ധി. ഐൻസ്റ്റീൻ പറഞ്ഞതുപോലെ "രക്തത്തിലും മാംസത്തിലും ഇങ്ങനെയൊരു മനുഷ്യൻ നമ്മുടെയിടയിൽ ജീവിച്ചിരുന്നു എന്നു പറഞ്ഞാൽ വരും തലമുറ വിശ്വസിച്ചെന്നു വരില്ല." തന്റേതായ ചിന്തകളിൽ, തനിക്ക് ശരിയെന്നു തോന്നുന്നത് ചെയ്തുകൊണ്ടു, അനുകരണങ്ങളില്ലാതെ അദ്ദേഹം നമുക്ക് നേരെ പാൽപുഞ്ചിരി തൂകിക്കൊണ്ട് നടന്നുനീങ്ങിയത് ചരിത്രത്തിന്റെ സുവർണ്ണനാളുകളിലേക്കാണ്.

മഹാത്മജിയുടെ അഹിംസ എന്നത് അദ്ദേഹം പിൻതുടർന്നു വന്നിരുന്നതും, മറ്റുള്ളവർ ശ്രദ്ധിക്കാതെ പോയതുമായ ആർഷഭാരതസിദ്ധാന്തത്തിലെ സനാതനമായ ധർമ്മവ്യവസ്ഥിതിയാണ്. രാമായണ മഹാകാവ്യത്തിന്റെ ജനനത്തിൽ, വാല്മീകി വേടനോടു പറയുന്ന 'മാ നിഷാദാ' (അരുത് അതിനെ കൊല്ലരുത്) എന്ന പദത്തിന്റെ ലളിതമായ അർത്ഥമാണ് അഹിംസ.

ഭഗവാൻ ക്രിസ്തുവും, യേശുക്രിസ്തുവും അക്രമരാഹിത്യ

ത്തിന്റെ ശ്രേഷ്ഠന്മാരായ സന്ദേശവാഹകരായിരുന്നു. വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ അക്രമരാഹിത്യം പ്രായോഗികമാക്കാൻ ഇരുവരും ഉപദേശിച്ചു. എന്നാൽ, ചരിത്രത്തിലാദ്യമായി, സമരത്തിന് ആയുധമെന്ന നിലയിൽ അക്രമരാഹിത്യം ഉപയോഗിക്കണമെന്നു നിർദ്ദേശിച്ചതിന്റെ മേന്മ ഗാന്ധിജിക്കു മാത്രമാണ്. ആ ആയുധത്തിന് അദ്ദേഹം സത്യാഗ്രഹമെന്നോ, അഹിംസാത്മക പ്രതിരോധമെന്നോ പേരു നല്കി. ആദ്യം ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേഷത്തിനെതിരായ സമരങ്ങളിലും പിന്നീട് ഇന്ത്യയിൽ സ്വാതന്ത്ര്യസമരത്തിൽ ബ്രിട്ടീഷ് സാമ്രാജ്യഭരണത്തിനെതിരായും അതു പ്രയോഗിക്കുക കൂടി ചെയ്തപ്പോൾ അഹിംസയുടെ പല രൂപഭാവങ്ങൾ പ്രകടമായി.

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം അക്രമരാഹിത്യവും സത്യാഗ്രഹവും കേവലം വ്യക്തിപരമായ ഒരനുഷ്ഠാനം എന്നതിലുപരി സമൂഹങ്ങളുടെയും, ജാതികളുടെയും, രാഷ്ട്രങ്ങളുടെയും അനുഷ്ഠാനത്തിനുള്ള വിഷയം കൂടിയാണ്. അക്രമരാഹിത്യം ആത്മാവിന്റെ ഗുണവിശേഷമാണെന്നും, അതിനാൽ ഓരോരുത്തർക്കും ജീവിതത്തിന്റെ ഓരോ മേഖലയിലും അതു പ്രായോഗികമാക്കുവാൻ സാധിക്കും എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. രണ്ടാം ലോകമഹായുദ്ധത്തിൽ ഹിറ്റ്ലർ ചെക്കോസ്ലോവാക്കിയയിൽ ആക്രമണം നടത്തിയപ്പോൾ, ഗാന്ധിജി 'ചെക്കു'കളെയും അവരുടെ നേതാവ് 'ബെനേസി'നെയും ആക്രമണകാരികൾക്കെതിരെ സത്യാഗ്രഹം നടത്തുവാൻ പ്രേരിപ്പിക്കുകയുണ്ടായി.

ഗാന്ധിസത്തിലെ അഹിംസാവാദത്തിന് കൂടുതൽ വ്യാപ്തിയുണ്ട്. അന്യരെ മാനസികമായി വ്രണപ്പെടുത്തുകപോലും ചെയ്യരുത് എന്ന തത്വം പ്രായോഗികജീവിതത്തിൽ നടപ്പാക്കാൻ ശ്രമിക്കാവുന്നതാണ്. എന്നാൽ, പ്രകൃതിയോട് ഹിംസ കാണിക്കരുത് എന്ന പുതിയ മാനത്തിലേക്കു കടന്നുചെന്നുള്ള ഗാന്ധിയൻവാദം പരിസ്ഥിതിപ്രശ്നങ്ങളോടുള്ള ഗാന്ധിസത്തിന്റെ ആഭിമുഖ്യം വെളിപ്പെടുത്തുന്നു. മനുഷ്യസമൂഹത്തെ മാത്രമല്ല, സമസ്ത സൃഷ്ടിജാലങ്ങളെയും അഹിംസ സ്വന്തം വലയത്തിൽ ഉൾക്കൊള്ളുന്നു.

ലക്ഷ്യം നന്നെങ്കിൽ മാർഗമേതായാലും കൊള്ളാമെന്നത്, ചരിത്രാതീതകാലങ്ങൾക്കു മുമ്പേ തന്നെ തുടർന്നുവരുന്ന ഒരു ചിന്താഗതിയാണ്. എന്നാൽ, നല്ല ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ മാർഗങ്ങളും നന്നായിരിക്കുക തന്നെ വേണമെന്നു ഗാന്ധിജി അഭിപ്രായപ്പെട്ടു. മാർഗം ദുഷിച്ചതെങ്കിൽ ലക്ഷ്യവും തിന്മ നിറഞ്ഞിരിക്കുക അനിവാര്യമാണ്. ലക്ഷ്യത്തിന് മാർഗ്ഗശുദ്ധിയെന്നപോലെ മാർഗത്തിന് ലക്ഷ്യത്തിന്റെ യോഗ്യതയും [illegible]ണ്ടതുണ്ട്. ഹിംസ തിന്മയാണെന്ന് എല്ലാവരും അംഗീകരിക്കുന്നു. ഹിംസയെ അതിലും വലിയ ഹിംസകൊണ്ട് കീഴടക്കി നിർത്താനുള്ള പരിശ്രമത്തിന്റെ ഫലം, തീർച്ചയായും വലിയ തിന്മയിലേ ചെന്നു നിൽക്കൂ. അതിനാൽ ഗാന്ധിജി, പ്രതിരോധം, ആക്രമണം എന്നീ രണ്ടു നടപടികളിലും ഹിംസയെ കീഴടക്കുന്നതിനും നേരിടുന്നതിനും അക്രമരാഹിത്യം എന്ന ആയുധം പരീക്ഷിക്കണമെന്ന പക്ഷക്കാരനായിരുന്നു.

ഭാരതത്തിന്റെ പുണ്യഭൂമിയിൽ ജനിച്ചു എന്നതുകൊണ്ടുമാത്രം ഒരുവൻ ഭാരതീയനാകുന്നില്ല. അവന്റെ മനസ്സും, വാക്കും, കർമ്മവും, ഭാരതീയമായ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടാവണം ഇത് സാധിക്കുന്നത്. ഇവിടെയാണ് ഗാന്ധിജിയുടെയും അഹിംസയുടെയും പ്രസക്തി. ഗാന്ധിജി പകർന്നുതന്ന സത്യത്തിന്റെയും, അഹിംസയുടെയും പ്രകാശം നമ്മളിലുണ്ടെങ്കിൽ, നാം അത് കെടാതെ സൂക്ഷിക്കുന്നെങ്കിൽ പിന്നെ നാം ആരെ ഭയക്കണം? എന്തിനു ഭയക്കണം?

ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായി ഗാന്ധിജിയുടെ നേതൃത്വത്തിൽ അക്രമരഹിതമായി സമരം ചെയ്തുകൊണ്ട് ഇന്ത്യ സ്വാതന്ത്ര്യം നേടിയെടുക്കുകയും, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമാവുകയും ചെയ്തു. അഹിംസായജ്ഞത്തിന് സമർപ്പിക്കപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിന് ശ്രേയസ്കരമായ അന്ത്യമുണ്ടായി. തന്റെ ജീവിതത്തിനേറ്റ അതിഭയങ്കരമായ അപകടത്തിന്റെ മുമ്പിലും അക്രമരാഹിത്യത്തിന്റെ മാർഗത്തിൽ നിന്നും അദ്ദേഹം അശേഷം വ്യതിചലിച്ചില്ല. ആ മരണം, മുഴുവൻ ലോകത്തെയും നിശ്ചലമാക്കുക തന്നെ ചെയ്തു.

മനുഷ്യസ്നേഹിയായ മഹാത്മാവ്, ലോകശാന്തിക്കുവേണ്ടി അശ്രാന്തപരിശ്രമം ചെയ്ത സമാധാനത്തിന്റെ വെളിച്ചം, നന്മയെ അശ്ലേഷിക്കുകയും, തിന്മയെ എതിർക്കുകയും ചെയ്തിരുന്ന സത്യത്തിന്റെ മൂർത്തീകരണം എന്നീ നിലകളിൽ മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന ചെറിയ മനുഷ്യൻ നൂറ്റാണ്ടുകൾക്കപ്പുറം മാനവരാശിക്ക് പ്രകാശം വീശിക്കൊണ്ട് നിലകൊള്ളുക തന്നെ ചെയ്യും.

# പുസ്തകം - ഒരുറ്റ സുഹൃത്ത്

രാജി പി.ആർ., IDC Malayalam



'വായിക്കുക, വളരുക' എന്ന ഗ്രന്ഥശാലാസംഘത്തിന്റെ മുദ്രാവാക്യം അർത്ഥവത്താണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ പൂർണ്ണമായി ലഭിക്കാത്ത ഒന്നാണ് അറിവ്. ഇന്നത്തെ വ്യവസ്ഥിതിയിൽ ഒരാൾക്ക് വളരെ തുച്ഛമായ അറിവ് മാത്രമാണ് ഔപചാരികവിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്നത്. ബാക്കിയുള്ളവ അനൗപചാരിക വിദ്യാഭ്യാസത്തിലൂടെയും അതിൽ സിംഹഭാഗവും വായനയിലൂടെയാണെന്ന് നിസംശയം പറയാവുന്നതാണ്. മാനസികവികാസത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ് വായന. വായനമൂലം വ്യക്തികളിൽ വരുന്ന മാറ്റങ്ങളെ ചെറുതായെന്ന് വിലയിരുത്താൻ ശ്രമിക്കാം.

ഒരു വ്യക്തിയുടെ മാനസികവളർച്ചയ്ക്ക് മെച്ചപ്പെട്ടതും ഗുണകരവുമായ പുസ്തകങ്ങൾ വായിക്കേണ്ടിയിരിക്കുന്നു. ചീത്തപുസ്തകങ്ങൾ, ക്യാൻസർ ശരീരഭാഗങ്ങളെ കാർന്നുതിന്നുന്നതുപോലെ നമ്മെ തകർക്കും. പുസ്തകങ്ങളെ നമ്മുടെ സുഹൃത്തുക്കളായി സങ്കല്പിക്കാം. ഒരു നല്ല സുഹൃത്തിന്റെ കർത്തവ്യങ്ങളെ നാം ഒരു പുസ്തകത്തിന്റെ യന്ത് പോലെ പരിഗണിക്കാവുന്നതാണ്. ഒരു നല്ല സുഹൃത്ത് മാർഗ്ഗദർശികൂടിയാണ്. അങ്ങനെയുള്ള ഒരാളോട് ഒരിക്കലും വിരക്തി തോന്നുകയില്ല. ദിവസം കഴിയുംതോറും കൂടുതൽ സ്നേഹിക്കുകയാണ് പതിവ്. അയാളുമായുണ്ടാകുന്ന സമ്പർക്കം നമ്മുടെ ജീവിതത്തിലും കാതലായ മാറ്റങ്ങൾ വരുത്തുന്നു. ഇതുപോലെ തന്നെയാണ് ഒരു നല്ല പുസ്തകം വായിച്ചാൽ നാം അറിയാതെ തന്നെ അതിലെ ആശയങ്ങൾ ജീവിതത്തിൽ പകർത്താൻ ശ്രമിക്കും. സമ്പന്നമായ ഒരു വ്യക്തിത്വത്തിന് വളരെയധികം ഉപകാരപ്രദമായ ഒന്നാണ് പുസ്തകവായന. നമ്മുടെ കൈയ്യിൽ നിന്നും ഒരിക്കലും നഷ്ടപ്പെടാത്തതും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുക വഴി വർദ്ധിക്കുന്നതുമായ ഒന്നാണ് ഇത്തരത്തിൽ ആർജ്ജിച്ചിരിക്കുന്ന അറിവ്.

നമ്മുടെ മനസിന് സന്തോഷവും വിശ്രമവേളകളിൽ ഉല്ലാസവും തരുന്ന ഒരു സുഹൃത്ത് എന്ന നിലയിൽ പുസ്തകങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. പലരുടെയും വിശ്രമവേളകളിലെ വിനോ

ങ്ങളിലൊന്നാണ് വായന. മനസ്സിന് ശാന്തിയും സമാധാനവും ഒപ്പം ആരോഗ്യവും നൽകുന്നതിന് ഒരു നല്ല പുസ്തകത്തിന് സാധിക്കും.

നമ്മുടെ പൂർവ്വികന്മാരുടെ അറിവുകൾ ശേഖരിച്ചുവച്ചിരിക്കുന്നത് പുസ്തകങ്ങളിലൂടെയാണ്. കടലിന്റെ അടിത്തട്ടിലുള്ള രത്നങ്ങൾ അന്വേഷിക്കുന്ന മനുഷ്യൻ ഇവയേക്കാൾ അമൂല്യമെന്ന് വിശേഷിപ്പിക്കാവുന്ന പുസ്തകങ്ങൾ കാണുന്നില്ലേ? അതോ അവയുടെ മൂല്യം അറിയാതെ പോകുകയാണോ? എന്തായാലും തലമുറകളായി പകർന്നു വരുന്ന വിജ്ഞാന ഭണ്ഡാരങ്ങളാണ് പുസ്തകങ്ങൾ.

വികസിച്ചുവരുന്ന വിവരസാങ്കേതികവിദ്യ (Information Technology) പുസ്തകങ്ങൾക്കെതിരെയുള്ള വെല്ലുവിളിയായി മാറിയിരിക്കുകയാണ്. ഇന്ന് പലരും വിശ്രമവേളകൾ ഇതിനായി നീക്കിവയ്ക്കുന്നു. ഇന്നത്തെ തലമുറ ഉൾപ്പെടുന്ന കോളേജ് വിദ്യാർത്ഥികളടക്കമുള്ളവർ വായനയെ ഇഷ്ടപ്പെടുന്നില്ല. അവരുടെ ജീവിതയാത്രയിലെ 'അടിച്ചുപൊളി' കാലം എങ്ങനെയാണ് വായനയിൽ ഒതുക്കുന്നത്. അവരുടെ മനസ്സിലുണ്ടാകുന്ന പല അബദ്ധധാരണകളും ഇതിന് വഴിയൊരുക്കുന്നുമുണ്ട്. ഇവയ്ക്ക് വേണ്ടി സമയം നീക്കിവയ്ക്കാനോ പുസ്തകങ്ങൾ വായിച്ചു തീർക്കാനോ ഉള്ള ക്ഷമ അവർക്കില്ല എന്നതാണ് വാസ്തവം. ഇവരെല്ലാം സമൂഹത്തിൽ അധഃപതിച്ച് മൃഗതുല്യരായി തീരുമെന്ന സത്യം മനസിലാക്കുന്നില്ല. വടിയെടുക്കാതെയും കണ്ണുരുട്ടാതെയും നമ്മെ പഠിപ്പിക്കുന്ന ഏക അധ്യാപകൻ പുസ്തകങ്ങളാണെന്നതിൽ യാതൊരു സംശയവുമില്ല.

ഒരു ചീത്ത സുഹൃത്ത് നമ്മെ പലപ്പോഴും അപകടങ്ങളിൽ ചാടിക്കും. നാം അറിയാതെ വലിയ കയങ്ങളിൽ വീഴുന്നു. അതുപോലെയാണ് ചില പുസ്തകങ്ങൾ. നാം അറിയാതെ നമ്മിൽ നിമഗ്നമായിരിക്കുന്ന ദുഷ്ടവാസനകളെ പുറത്തേക്ക് കൊണ്ടുവരുന്നു. ഇങ്ങനെയുള്ള ദുഷിച്ച മാധ്യമങ്ങൾ വായിക്കുന്നവർ സമൂഹത്തിൽ കുറ്റവാളികളായി തീരുവാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല. നേരെമറിച്ച് കുറ്റവാളികളെ നന്മചെയ്യുന്നവരാക്കാനും അധികം പ്രയാസമില്ല. അതിനുദാഹരണമാണ് ഇന്നത്തെ പല ജയിൽ ലൈബ്രറികളും. കുറ്റവാളികളെന്നു മുദ്രകുത്തപ്പെട്ടിരിക്കുന്നരുടെ മനസിലുള്ള നല്ല വിചാരങ്ങളെ ലോകത്തിനു മുമ്പിലേക്ക് കൊണ്ടുവരുന്നതിന് ഇതുമൂലം സാധിക്കുന്നു. പല അമൂല്യകലാസൃഷ്ടികളും അവരുടെ ഭാഗമായിട്ടുണ്ട്.


അത്യാവശ്യഘട്ടങ്ങളിൽ സുഹൃത്തിന് സഹായിക്കാൻ സാധിച്ചില്ലെങ്കിലും പുസ്തകങ്ങളിലൂടെ ലഭിക്കുന്ന അറിവ് അങ്ങനെയായിരിക്കില്ല. നമ്മുടെ വിവേകം പോലെ ഏത് സന്ദർഭത്തിലും അത് ഉപകാരപ്പെടും. നാം ഇന്ന് വായിച്ച ഒരു പുസ്തകം ഇരുപത് വർഷങ്ങൾക്ക് ശേഷം വായിച്ചാൽ ചിലപ്പോൾ നമ്മുടെ മനസ്സിൽ രൂപപ്പെട്ട ഭാവനകൾക്ക് മാറ്റമുണ്ടാവാം. എന്നിരുന്നാലും വായന ഒരു വ്യക്തിയുടെ ജീവിതത്തിലെ അടിസ്ഥാനഘടകങ്ങളായ ചിന്ത, ഓർമ്മ, ഭാവന, വിജ്ഞാനം, വിനോദം, മാർഗ്ഗദർശനം എന്നിവയിലൂടെ കടന്നുപോകുന്നു. ഇവയിലൂടെയെല്ലാം ഒരു നല്ല പുസ്തകം മനുഷ്യനെ സമ്പൂർണ്ണനാക്കുന്നു.

With Best Compliments from
I.C.E. Institute of Computer Education
Thadiyamthadathil Bldgs., Pvt. Bus stand, Kuravilangad, Ph: 232560
We also undertake sales & servicing of computer systems

With Best Compliments from
STARLINE
STUDIO & VIDEO
KURAVILANGAD
Ph: 231575(O), 663979(R)
Experts in still photography & videography

# 'അന്യവൽക്കരിക്കപ്പെട്ട മലയാളിപെൺകൊടികൾ'

അമിന എം.കെ., Final M.A. English



കേരളം, മലയാളം, മലയാളി, മലയാണ്മ, പോരാത്തതിന് മലയാളി മങ്കമാരും. മലയാളത്തിന്റെ പുരോഗതിയിൽ ഊറ്റംകൊണ്ട്, ദൈവത്തിന്റെ സ്വന്തം നാട്ടിൽ ജനിച്ചതിന് ആരോട് നന്ദിപറയണം എന്ന അങ്കലാപ്പായിരുന്നു. ഉടുപ്പിലും നടപ്പിലും, വാക്കിലും ആകെ ഒരു 'മലയാള ശ്രീ' കടന്നു വന്ന മാതിരി.

ക്യാംപസിൽ നിന്നിറങ്ങി തികച്ചും മലയാളിപെൺകൊടികളായി ബസ്സ്റ്റോപ്പിൽ വന്ന് നിന്ന് പതിവ് കാത്തിരിപ്പ് തുടങ്ങിയപ്പോഴേക്കും എല്ലാവരും "കേരളപ്പിറവി" യുടെ hang over ൽ ആയിരുന്നു. വിനയം നാണത്തിനും, നാണം പേടിക്കും വഴിമാറിയപ്പോൾ നാല് മണിക്ക് പോകുന്ന private bus ൽ കയറാനാവാതെ KSRTC ലെ സ്ഥിരം യാത്രക്കാരായ മലയാളിപെൺകൊടികൾ മുഖം കുനിച്ചു. ഒരു മലയാളി പെൺകൊടിയുടെ സൗന്ദര്യവും, ബൗദ്ധിക നിലവാരവും വിമർശനാത്മകമായി അപഗ്രഥനം ചെയ്യുമ്പോഴും, കടന്ന് പോകുന്ന ബസുകളുടെ സ്ഥലപ്പേര് വായിക്കവേ ഒരു പറ്റം മലയാളി പെൺകൊടിമാരുടെ "പ്രസരിപ്പ്" മങ്ങിതുടങ്ങിയിരുന്നു. വിമർശനങ്ങളുടെ ഘോഷയാത്ര അവസാനിപ്പിച്ച് വിശപ്പിന്റെ വിളിക്ക് കാതോർക്കവേ അവരുടെ "ക്ഷമ" നഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു. "കാത്തിരിപ്പ് വിഫലമാണ്. മറ്റൊരു രാധയാവാൻ ഞങ്ങളില്ല" എന്നു പറഞ്ഞ് ജീപ്പിൽ ചാടിക്കയറി മെയിൻ സ്റ്റോപ്പിലേക്ക് പോകുമ്പോഴും ഞങ്ങളും മലയാള പെൺകൊടികൾ തന്നെ എന്ന ഭാവമായിരുന്നു എല്ലാവർക്കും. മെയിൻ സ്റ്റോപ്പിലെത്തിയപ്പോൾ ഇനിയും കാത്തിരിപ്പോ? എന്ന ചോദ്യമായിരുന്നു എല്ലാ കണ്ണുകളിലും. "കാത്തിരിപ്പ് വ്യഥയാണ്, വ്യഥ ഞങ്ങൾക്കന്യമാണ്" എന്നുരച്ച് ഫാസ്റ്റ് പാസഞ്ചറിൽ ഓടിക്കേറി കണ്ടക്ടറുടെ ശകാരവർഷത്തിൽ മുങ്ങിക്കുളിച്ച് കൊടുങ്കാറ്റിലകപ്പെട്ട തോണി പോൽ കമ്പിമേൽ തൂങ്ങി നിൽക്കുമ്പോൾ അറിയാതെ എല്ലാവരും പറഞ്ഞു, "ഈശ്വര, 'ഈ കേരളം' പിറക്കാതിരുന്നെങ്കിൽ". അപ്പോൾ അവരുടെ മുഖങ്ങളിലെ ബംഗാളി പെൺകൊടിമാരുടെ നിശ്ചയദാർഢ്യവും, കൂസലില്ലായ്മയും കുടിയേറി കഴിഞ്ഞിരുന്നു. വലിയൊരു കരിമ്പടം പോലെ ആകാശത്ത് നിന്നടർന്ന് വീഴുന്ന ഇരുട്ടിനെക്കുറിച്ചുള്ള വേവലാതികൾ അപ്പോൾ അപ്രത്യക്ഷമായി. പിന്നെയെല്ലാവരിലും ഒരു ടൂർ പോകണ പ്രതീതിയായിരുന്നു. യാത്രയവസാനിപ്പിച്ച് പല കൈവഴികളായ് പിരിയുമ്പോൾ ഓരോരുത്തരുടെയും മനസ്സിൽ തികട്ടിവന്നൊരു ചോദ്യമുണ്ടായിരുന്നു. "ഇനിയുമുണ്ടൊരു ജന്മമെങ്കിൽ ആരാവാനാണാഗ്രഹം?" അതിനവർക്കെല്ലാം ഒരേ ഉത്തരമായിരുന്നു. "ഈ കൈരളിയുടെ മകയായി തന്നെ ജനിക്കണം. എന്നിട്ട് ഇടയ്ക്കിടെ രൂപാന്തരം സംഭവിച്ച് ബംഗാളി പെൺകൊടികളെപ്പോലെ സന്തോഷം പങ്കിട്ട്... അങ്ങനെ..."

# HIGHLIGHTS FROM THE ANNUAL SPORTS MEET









Our Cricket Team with the Principal and the Physical Education Director



Participants of the Career Guidance Seminar with the Principal and the Resource persons



Our Yoga Team with the Principal and the Physical Education Director



Staff tour

A few moments to go light....
The teaching staff on a picnic





The Non-teaching Staff on a tour to Kuttikanam



Our Teaching Staff with the Retired Members



Our Non-teaching Staff



Value Education for I/DC Non - Catholics by Prof. M.V. Peter

Prof. T.R.S. Iyyer giving extension lecture to the Students of English Literature





"In the company of the Lord" Annual Retreat for the Catholic Students guided by Bro Sebastian



P.G. Day Inauguration by Prof. Sebastian Narively, St. Thomas College, Pala.



Legal Cell Inauguration & Key Note Address by Adv. Alex George



*Towards Building up a Better Career - Career talk by Prof. Tomy Cherian, St. Thomas College, Pala.*



Dr. N.M. Sebastian against Drug Addiction

# College Day Celebrations



Smiles and smiles and yet a wee bit nostalgic.....
.... Former Principal Prof. (Major) Isaac Thomas delivering the inaugural address.



Not for money... but after Mani...
Students of IIDC Economics imitating Kalabhavan Mani's masterpiece character




Going Cinematic.... English Lit. Students a-stage at dancing

With Best Compliments from

MODERN LAB
WITH MULTIMEDIA
INTERNET & E-COMMERCE
MORE COMPUTING POWER
FOR THE NEXT MILLENNIUM

**NATIONAL**
**Institute of Computer Technology**
Maja Bldgs, Thalayolaparambu, Ph: 638654
E-mail : ctct@md4.vsnl.net.in

With Best Compliments from

'പൊന്നിലും സൗഹൃദത്തിന്റെ തിളക്കം'

*Friends*

**Jewellers**

K.K. Road, Kottayam, Kerala - 686 001

With Best Compliments from

Gaico Latex
60% CONCENTRATED LATEX

**Gaico Ltd.**
Kuravilangad - 686 633
Ph: 95-482-230213, Fax: 95-482-231113
E-mail: gaicoltd@sif.com

With Best Compliments from

**ദേവമാതാ സോഷ്യൽ വെൽഫയർ ആന്റ് എഡ്യൂക്കേഷൻ സൊസൈറ്റി**

കുറവിലങ്ങാട്- 686 633, കോട്ടയം ജില്ല, ഫോൺ 0482-230446

യോഗ്യത S.S.L.C./P.D.C. P.D.C. തോറ്റവർക്കും അപേക്ഷിക്കാം

കേന്ദ്ര ഗവ. അംഗീകൃതം

**ജൂലൈ – ഒക്ടോബർ മാസങ്ങളിൽ ആരംഭിക്കുന്ന കേന്ദ്രഗവ. അംഗീകൃത ഏക വർഷ സർട്ടിഫിക്കറ്റ് കോഴ്സുകൾ**

| | കോഴ്സുകൾ | കാലാവധി | സീറ്റ് എണ്ണം | യോഗ്യത |
|---|---|---|---|---|
| 1 | Nursing Assistnat | 1 വർഷം | 50 | S.S.L.C./P.D.C. |
| 2 | Hospital Administration | 1 വർഷം | 20 | B.A./BSc/BCom |
| 3 | 3 year General Nursing & Midwifery | 1 വർഷം | 30 | S.S.L.C./P.D.C. |

കേന്ദ്രസാങ്കേതിക വിദ്യാഭ്യാസകൗൺസിലിന്റെ തുടർവിദ്യാഭ്യാസ പദ്ധതിയിൻ കീഴിൽ അംഗീകാരം ലഭിച്ച നേഴ്സിംഗ് - പാരാ മെഡിക്കൽ കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

With Best Compliments from

# ദി ദേവമാതാ കോളേജ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

Ltd. No. K. 384

പ്രവർത്തനം ആരംഭിച്ച തിയതി 21.03.1973

| | |
|---|---|
| അംഗങ്ങൾ | 106 |
| നിക്ഷേപങ്ങൾ | 44 ലക്ഷം |
| വായ്പകൾ | 50 ലക്ഷം |
| ഓഹരി മൂലധനം | 3.7 ലക്ഷം |
| പ്രവർത്തന മൂലധനം | 47 ലക്ഷം |

വിവിധ തരം വായ്പാ പദ്ധതികൾ

**നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്കുകൾ**

A.G. Suseelakumari (Secretary)

Prof. T.T. Devasia (President)

With Best Compliments from




# GENTS PALACE

ആതിരമ്പുഴ റോഡ്, ഏറ്റുമാനൂർ.

Ph: 537243

H.O. സെന്റ് തോമസ് ടെക്സ്റ്റയിൽസ്, മുണ്ടക്കയം

# സ്നേഹത്തിൻ ഉറവതേടി

റിന്റു എസ്. ആലക്കളം, IDC English

കടൽതീരത്തിരിക്കുന്ന ജിക്കുവിന്റെ മനസ്സിൽ ഭൂതകാലസ്മരണകൾ ഒന്നൊന്നായി കടന്നു വന്നു. തന്റെ മനസ്സിനെ കടിഞ്ഞാണിടാൻ അവനു സാധിക്കുന്നില്ല. ഉറവ വറ്റിയ അവന്റെ മിഴികളാകുന്ന നീർത്തടങ്ങളിൽ കിടന്ന് ഒരിറ്റു വെള്ളത്തിനായി ദാഹിക്കുകയാണ് രണ്ട് പരൽമീനുകൾ. കാർമേഘങ്ങൾ നിറഞ്ഞ് ചക്രവാളത്തിലേയ്ക്കു നോക്കുമ്പോഴും അവന്റെ കണ്ണുകളിൽ ശൂന്യതയാണ്. സായന്തനത്തിന്റെ മധുരശീതളമായ മാരുതൻ അവനെ തഴുകുന്നത് അവനറിയുന്നില്ല.

അവന്റെ മനസ്സിൽ ഓർമ്മകളുടെ തിരിയിളക്കമാണ്. മനസ്സിന്റെ ഉൾത്തടങ്ങളിൽ രൂപം കൊള്ളുന്നത് തന്റെ സ്നേഹമയിയായ അമ്മയുടെ പൊൻവദനമാണ്. ആ മുഖം ദുഃഖാർത്തമാണെങ്കിലും എന്തൊ ഒരു ശോക ആ മുഖത്ത് നിഴൽവീശുകയാണ്. എന്നിട്ടും... എന്നിട്ടും.... ഇല്ല... താനത് ഓർമ്മിക്കാൻ ഇഷ്ടപ്പെടുന്നില്ല.

ആഞ്ഞടിച്ചുവരുന്ന തിരമാലകൾ അവന്റെ നഗ്നപാദങ്ങളെ ചുംബിച്ചുകൊണ്ടിറങ്ങിപ്പോയതു, കയറിവന്നതും. അവനറിഞ്ഞില്ല. മുക്കവകുടിലുകളിലെ അല്ലലിന്റെ കഥകൾ ഉച്ചത്തിൽ ഉയരുന്നതും അവനറിഞ്ഞില്ല. മുക്കുവ കിടാങ്ങളുടെ മുങ്ങാംകുഴിയിട്ടുള്ള നാണയത്തുട്ടു പെറുക്കലും അതിൽ ആനന്ദം കൊള്ളുന്ന വിനോദസഞ്ചാരികളേയും അവൻ കണ്ടില്ല. സ്നേഹത്താൽ വിങ്ങിപ്പൊട്ടി ഒടുവിലൊരു തേങ്ങൽപ്പോലെ അവശേഷിച്ച അമ്മയുടെ രൂപം ക്ഷണിക്കാതെ വിരുന്നിനു വരുന്ന അതിഥിയെപ്പോലെ കടന്നുവന്നുകൊണ്ടിരുന്നു.

കൊടുങ്കാറ്റിനേക്കാൾ വേഗതയിൽ അവന്റെ മനസ്സിൽ പല ചിത്രങ്ങളും വന്നും പോയും കൊണ്ടിരിക്കുന്നു. കാരണവരുടെ അധികാരത്തോടെയുള്ള വിലക്ക് അവിടെ ഒരു മൂളൽ മാത്രമാകുന്നു. ദാരിദ്ര്യത്തിന്റെ പടുവക്കിലും താൻ ഉന്നതമായ ഒരു പദവിയിലെത്തികാണണമെന്ന് മോഹിച്ച തന്റെ അമ്മ. ആരുടെയും സഹായമില്ലാതെ തന്നെ വളർത്തി. അച്ഛനുമമ്മയുമെല്ലാമായി മാറിയ ആ സ്നേഹനിധി ഒന്നിന്റെയും കുറവ് തന്നെയറിയിച്ചില്ല.

ബാല്യത്തിൽ താനെന്നും അമ്മയുടെ ജിക്കുകുട്ടനായിരുന്നു. എന്തിനും ഏതിനും അമ്മയെ സഹായിക്കുന്ന അമ്മയുടെ പുന്നാരമകൻ. അവനറിയാതെ അവന്റെ മിഴികൾ രണ്ട് നീർച്ചാലുകളായി മാറി. കാറിക്കൂവിവരുന്ന കടൽകാക്കകൾ അവന്റെ ഈ അവസ്ഥയെ ഭയന്നാണോ ഓടിയൊളിക്കുന്നത്? ഒരിക്കലും ഉദയം കൈവരിക്കാൻ സാധിക്കാത്ത ആദിത്യന്റെ അവസ്ഥയാണിന്നവന്.

പ്രായത്തിന്റെ ഗോഷ്ഠികളിൽ എല്ലാം തച്ചുടച്ചവനാണ് താൻ. അമ്മയെപ്പോലും മറന്നവനാണ്. ഗ്രാമീണതയുടെ വിശുദ്ധിയിൽ വളർന്ന തന്നെ ഉന്നതവിദ്യാഭ്യാസത്തിനായി പട്ടണത്തിലേക്കയച്ചപ്പോൾ, സമ്പന്നരായ കൂട്ടുകാരുടെ ജീവിതശൈലി കണ്ട് അതിൽ ഭ്രമിച്ച് എന്തും ചെയ്യാനുറച്ച്. മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും, ഉപഭോക്തൃസംസ്കാരത്തിലേയ്ക്കു വളർന്ന് അതിലുപരി നിയമവിരുദ്ധ സാധനങ്ങളുടെ ഏജന്റായി മാറിയവനാണ് ഞാൻ.

ഇരുമ്പഴിക്കുള്ളിലകപ്പെട്ടപ്പോൾ ഭ്രാന്തിന്റെ ചേഷ്ടകളും വൃത്തിഹീനമായ വസ്ത്രങ്ങളും, ജടപിടിച്ച മുടികളുമാണ് തന്റെ ചങ്ങാതിമാരായത്. ഈ അവസ്ഥയിലും, എല്ലാത്തിൽ നിന്നും വിമുക്തമായി തിരിച്ചുവരുമെന്ന വ്യർത്ഥമോഹങ്ങളുമായി കഴിഞ്ഞവളാണ് തന്റെ അമ്മ. കാത്തിരിപ്പ് സഫലമാകാതിരുന്നപ്പോൾ തന്നിലെ ഉയർച്ച തേടി ഈ കടലിന്റെ ഉൾത്തടങ്ങളിലേയ്ക്കു പോകുമെന്ന് താനോർത്തില്ല! ഓർക്കുന്ന ഒരവസ്ഥ സംജാതമായതു വൈകിയല്ലേ?

ചികഞ്ഞു കൊത്തിയെടുക്കുന്ന ഒരു കാക്കയുടെ പ്രതിഫലനമാണിന്നവന്റെ മനസ്സിൽ. ചിന്തകൾക്ക് തീപിടിച്ചപ്പോൾ അവൻ! താനറിയാതെ ഈ പാപക്കറകഴുകികളയാനായി ആ കടലിന്റെ ശീതളമയിലേക്ക് ആ സ്നേഹത്തിൻ ഉറവ തേടി ആഴ്ന്നിറങ്ങി.

With Best Compliments from

# പുള്ളിക്കൻസ്

COLLEGE JN., KURAVILANGADU
COLLEGE JN., UZHAVOOR

ചുരിദാർ തുണിത്തരങ്ങൾക്കും നല്ല ഷെയ്പ്പ്
ഉറപ്പുവരുത്തുന്ന തയ്യലിനും മാത്രമായി ഒരു കേന്ദ്രം

ഞങ്ങളുടെ പ്രത്യേകതകൾ

- ചുരിദാർ കൃത്യസമയത്ത് തയ്ച്ച് കൊടുക്കുന്നു
- നല്ല ബോഡി ഷെയ്പ്പ് ഉറപ്പു വരുത്തുന്നു
- എല്ലാ ആഴ്ചകളിലും Bombay, Bangalor, Ernakulam എന്നിവിടങ്ങളിലെ അതതു സമയത്തിറങ്ങുന്ന പുതിയ ഫാഷൻ ചുരിദാർ സെറ്റുകൾ ഞങ്ങൾ നിങ്ങൾക്കായി ഒരുക്കുന്നതിനാൽ എപ്പോഴും പുതുമയാർന്ന 3 piece set കൾ ലഭ്യമാകുന്നു.

With Best Compliments from

Something special in gold



Francis
THE CROWN JEWELLERS
KOTTAYAM
PH:561785,561786 FAX:0481-302785

# മരണം മുട്ടിവിളിച്ചപ്പോൾ

ഹരിശങ്കർ ജി., IIDC English



മരണം അവന്റെ മുകളിൽ വട്ടമിട്ടു പറക്കുമ്പോൾ അവൻ തീർത്തും ദുർബലനായിരുന്നു. മരണം ഒരു ശവംതീനികഴുകനെപ്പോലെ കരയുമ്പോൾ അവൻ കേട്ടത് ഇണപ്രാവിന്റെ കുറുകലാണ്. എപ്പോൾ വേണമെങ്കിലും തട്ടിയെടുത്ത് തന്റെ ജീവനുമായി പറക്കാവുന്ന മരണത്തെനോക്കി അവൻ പുഞ്ചിരിച്ചു.

തന്നെ മാടിവിളിക്കുന്ന മരണത്തോട് അവനൊരിക്കലും നീരസം ഭാവിച്ചില്ല ക്രൂരത നിറഞ്ഞ ആ മുഖത്ത് അവൻ പ്രഭാതത്തിന്റെ നിഷ്കളങ്കത കണ്ടു. അവന്റെ കഥകളിലും കവിതകളിലും മരണത്തിന് മാന്യമായ സ്ഥാനം നൽകി.

ആശുപത്രിയിലെ വിരസതയാർന്ന ജീവിതത്തിൽ നിന്നും അവൻ സ്വഗൃഹത്തിലെ യാന്ത്രികതയിലേയ്ക്ക് എടുത്തെറിയപ്പെട്ടു. എന്നു വേണമെങ്കിലും വന്നു പിറക്കാവുന്ന ആ ദിനം - തന്റെ മരണദിവസം- അവൻ കാത്തിരുന്നു. ദൂരെയെവിടെയോ പോയ സുഹൃത്തിനെ കാത്തിരുന്നതുപോലെ. ഇന്നെങ്കിലും തന്നെക്കൂട്ടാൻ മരണം വരുമെന്ന് അവൻ സ്വപ്നം കണ്ടു കഴിഞ്ഞു. പക്ഷേ മരണം എത്തിയില്ല. തന്നെ മറന്നിരിക്കുമോ...? അവന്റെ മനസ്സിൽ സംശയങ്ങൾ പത്തിവിടർത്തി.

ആകാശത്തിലെ പറവകളോടും സമുദ്രത്തിലെ മത്സ്യങ്ങളോടും അവൻ മരണത്തെപ്പറ്റി തിരക്കി. ആരും പക്ഷേ മരണത്തെ കണ്ടില്ല. അവൻ വീണ്ടും ജീവിതത്തിലെ യാന്ത്രികതയിലേക്കെടുത്തെറിയപ്പെട്ടു. അവൻ തന്റെ സഹോദരങ്ങളെ സ്നേഹിക്കുവാൻ തുടങ്ങി. അവന്റെ ജീവിതത്തിലേയ്ക്കു വസന്തം മടങ്ങി വന്നു. പക്ഷേ, വേദനയുടെ ലോകത്തിൽ നിന്നും അവന് മുക്തി ലഭിച്ചില്ല. ഏതിന്റെയോ പാപഭാരം പോലെ വേദന നോവിച്ചുകൊണ്ടിരുന്നു.

അവൻ ജീവിതത്തെ സ്നേഹിച്ചു തുടങ്ങി. വിശക്കുന്നവന്റെ ആർത്തിയോടെ ജീവിതത്തെ നുകരാൻ തുടങ്ങി. ജീവിതത്തിന്റെ താളം വീണ്ടെടുത്തു. പക്ഷേ മരണം അവന്റെ ജീവിതത്തിലേയ്ക്ക് ആർത്തിയോടെ നോക്കിയിരിക്കുകയായിരുന്നു. ആ ദിവസം മരണം വന്നു വിളിച്ചപ്പോൾ കൂടെ പോകാൻ മടിച്ചു. അവൻ മരണത്തിനോട് മത്സരിച്ചു. പക്ഷേ... മരണത്തിനായിരുന്നു അന്തിമവിജയം. അവൻ അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ മരണത്തിനൊപ്പം യാത്രയായി.

ഒരുപിടി ഓർമ്മകളും അതിലേറെ വേദനകളും നൽകിയിട്ട് മരണത്തിനൊപ്പം...

With Best Compliments from

# HOTEL SANYO

## (BAR ATTACHED A/C)

Kurvilangadu, Ph: 230200

നിങ്ങളുടെ സായാഹ്നം ഉല്ലാസപ്രദമാക്കുവാൻ

## ROOF GARDEN RESTAURANT

എല്ലാവിധ പാർട്ടി ഓർഡറുകളും ഉത്തരവാദിത്വത്തോടെ നടത്തികൊടുക്കുന്നു.

With Best Compliments from

# കുറവിലങ്ങാട് സർവ്വീസ് സഹകരണബാങ്ക്

## ക്ലിപ്തം നം. 1049

H.O. കുറവിലങ്ങാട്

| ബ്രാഞ്ചുകൾ -1 | കുറവിലങ്ങാട് -2 | നസ്രത്തുഹിൽ-3 | കുര്യം |
| --- | --- | --- | --- |
| | ഫോൺ : 230347 | 230627 | 230502 |

| | |
| --- | --- |
| അംഗങ്ങൾ | 1152 |
| ഓഹരി മൂലധനം | 53 ലക്ഷം |
| നിക്ഷേപങ്ങൾ | 1396 ലക്ഷം |
| നില്പുവായ്പകൾ | 830 ലക്ഷം |
| പ്രവർത്തന മൂലധനം | 1454 ലക്ഷം |

ചാക്കോ വർക്കി, വടക്കേടത്ത്
(പ്രസിഡന്റ്)

എം.റ്റി. തോമസ് പണ്ടാക്കിൽ
(സെക്രട്ടറി)

# ഒരു മഞ്ഞുതുള്ളിയുടെ ഓർമ്മയ്ക്ക്.....

ജനീഷ് വി.ജെ., II BCom



അപ്രീതിക്ക് പാത്രമായി കാരാഗ്രഹത്തിൽക്കിടക്കുന്ന രാജശില്പി. പുലരിക്കുമുമ്പ് മനോഹരമായ ഒരു മാർബിൾ ശില്പം പണിതീർത്തു രാജാവിനു നൽകാനായില്ലെങ്കിൽ മോചനമില്ലാത്ത ഈ കാരാഗ്രഹത്തിലേക്ക് വീണ്ടും....

പുറത്ത് മാർബിളും പണിയായുധങ്ങളും തയ്യാറാക്കി ശില്പിയെ വിവരമറിയിച്ച് കാവൽക്കാർ പോയി.

ഇരുട്ടിൽ തപ്പിനടന്നപ്പോൾ അയാൾക്ക് അടിതെറ്റി. കൊടുംതണുപ്പ്! ഇതെന്ത്... ഇതാണെന്റെ മാർബിൾ, ഈ മഞ്ഞുപാളി. ദയാരഹിതനായ രാജാവിന്റെ സമ്മാനം.

താമസിയാതെ അയാൾ പണി തുടങ്ങി. പുറത്തെ തണുപ്പറിയാതെ, രൂപത്തെ ആത്മാവിൽ നിറച്ച്. പുറത്തെ കൊടുംതണുപ്പിലും അയാൾ വിയർത്തൊഴുകി.

നിമിഷങ്ങൾ..... മണിക്കൂറുകൾ....

അതാ ഹിമപാളിയിൽ നിന്നുമൊരു മോഹനി! ക്ഷീണിതനായി മയങ്ങിയ ശില്പിയെ ആരോ തട്ടിവിളിച്ചു. അതാ രാജാവെത്തിയിരിക്കുന്നു.

ഹിമപാളിയിൽ തീർത്ത് അനുപമമായ ആ ശില്പം കണ്ടരാജാവ് അമ്പരന്നു. സൂര്യനുദിച്ചാൽ, അതിന്റെ തീക്ഷ്ണതയിൽ മഞ്ഞിൽതീർത്ത ഈ ശില്പം പിന്നെ അവശേഷിക്കില്ലല്ലോ എന്നതിൽ രാജാവിന് ദുഃഖംതോന്നി.

ഈ കഥ മൈക്കിൾ ആഞ്ചലോവിന്റെ ജീവിതത്തിൽ നിന്നാണ്. ഒരു രാത്രി മാത്രം ജീവിക്കാൻ വിധിക്കപ്പെട്ടആ ഹിമശില്പത്തെപ്പോലെ ക്ഷണികമായിരുന്നു 'ക്ളിന്റ്' എന്ന കുട്ടിയുടെ വ്യക്തിജീവിതം. അവന്റെ കലാജീവിതമാകട്ടെ ആ ശില്പത്തിന്റെ ആയുസ്സിനെ അതിജീവിക്കുകയും ചെയ്തു.

ചിത്രകലയുടെ അത്ഭുതലോകത്തിലേക്ക് അതിവിചിത്രകലകളുടെ ഏതോ നക്ഷത്രലോകത്തുനിന്നു പറന്നെത്തിയ ഗന്ധർവ്വകുമാരനായിരുന്നു ക്ലിന്റ്. ഏവരെയും അമ്പരിപ്പിക്കുകയും വിസ്മയിപ്പിക്കുകയും ചെയ്തു കൊണ്ട് പതുക്കെ പതുക്കെ വിധിയുടെ അനിവാര്യതയ്ക്കു കീഴടങ്ങി. നമ്മിൽ കണ്ണീർക്കടൽ തീർത്തു നക്ഷത്രലോകത്തേക്കു തന്നെ മടങ്ങിപ്പോയ നിറങ്ങളുടെ രാജകുമാരന്റെ സ്മരണകളിലേക്ക്..

1976 മെയ് 19 ന് ജോസഫിന്റെയും ചിന്നമ്മയുടെയും മകനായി കൊച്ചിയിലാണ് ക്ലിന്റ് ജനിച്ചത്.

മുട്ടിലിഴയുമ്പോൾ തന്നെ അവൻ തറയിൽ കോറിയിട്ടു തുടങ്ങി. ഇഷ്ടികയും കല്ലുമൊക്കെയായിരുന്നു അക്കാലത്തെ അവന്റെ ചായപ്പെൻസിലുകൾ. കുഞ്ഞിക്കാലുകൾക്ക് ബലം വയ്ക്കുകയും പിടിച്ചെഴുന്നേൽക്കാൻ പ്രായമാവുകയും ചെയ്തപ്പോൾ ക്ലിന്റിന്റെ ക്യാൻവാസ് വെള്ളയടിച്ച ചുമരുകളായി. മുറിയാകെ ചിത്രങ്ങളാൽ നിറഞ്ഞു.

വളരെ വ്യത്യസ്തമായിരുന്നു ഈ കുട്ടിയുടെ ശീലങ്ങൾ. രാവിലെ

അമ്മയാണ് അവനെ ഉറക്കമുണർത്തിക്കുക. പല്ലുതേയ്ക്കാനുള്ള സാമഗ്രികൾ അമ്മതന്നെ കൊടുക്കണം. അതു കഴിഞ്ഞു വരുമ്പോൾ വരയ്ക്കാൻ പാകത്തിന് കടലാസും മറ്റ് സാമഗ്രികളും ഒരുക്കി വച്ചിരിക്കണം. അങ്ങനെ ക്ലിന്റ് ഭാവനകളുടെ ലോകത്തേക്ക് പ്രയാണമാരംഭിക്കും. ആരുടെയും പ്രേരണ അവനുണ്ടായിരുന്നില്ല. പക്ഷികൾ, കാറുകൾ, മൃഗങ്ങൾ... നൂറും അതിലധികവും ചിത്രങ്ങൾ വരച്ച ദിവസങ്ങൾ ഉണ്ടായിരുന്നു.

ക്ലിന്റിന് മൂന്നു വയസുള്ളപ്പോഴാണ് വയറ്റിൽ ദീനം പിടിപെട്ടത്. ഏറെ ആശങ്കകൾക്കിടയാക്കിയ അതിൽ നിന്നും കരകയറിയ അവന്റെ കൺപോളകളിൽ എവിടെനിന്നില്ലാതെ തിണർപ്പുകൾ പ്രത്യക്ഷപ്പെട്ടു. പിന്നീട് ഒരു തുടർച്ചയായിത്തീർന്ന ആശുപത്രിയാത്രയുടെ തുടക്കം.

പെരുമാനൂരായിരുന്നു അവന്റെ നേഴ്സറി സ്കൂൾ. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലിന്റിനെ ഇഷ്ടമായിരുന്നു. അവരുടെ അഭിമാനഭാജനമായിരുന്നു അവൻ! അവരുടെ ഹീറോയും!

വേനൽക്കാലമായാൽ സ്കൂൾ വേഷങ്ങൾ അവനെ അസ്വമാക്കും. അപ്പോൾ വസ്ത്രങ്ങൾ ഊരിമാറ്റി ജട്ടിമാത്രം ധരിച്ച് ക്ലാസിലിരുന്നു. തന്റെ പ്രിയപ്പെട്ട വെള്ളത്തൊപ്പി ഊരി ഇഷ്ടമുള്ള ഏതെങ്കിലുമൊരു പെൺകുട്ടിയുടെ തലയിൽ വച്ചുകൊടുക്കും. ഒരു വർഷമായിരുന്നു ക്ലിന്റിന്റെ സ്കൂൾ ജീവിതം. അവന്റെ ജീവിതത്തിലെ ഏറ്റവും നല്ല കാലവും അതായിരുന്നു.

പല പെയിന്റിംഗ് മത്സരങ്ങളിലും ക്ലിന്റ് പങ്കെടുത്തിട്ടുണ്ട്. മത്സരങ്ങൾക്കുശേഷം വീടണഞ്ഞാൽ ഈ കുട്ടി ആദ്യം ചെയ്യുക മത്സരത്തിനായി താൻ വരച്ച അതേ ചിത്രം വീണ്ടും വരയ്ക്കുകയെന്നതായിരുന്നു. കാരണം, 'മത്സരത്തിനായി വരച്ച ചിത്രം, തിരികെ കൊണ്ടുപോരാൻ സംഘാടകർ അനുവദിക്കാത്തതു തന്നെ. എന്നാൽ സംഘാടകർ അവ സൂക്ഷിച്ചതുമില്ല. മത്സരമെന്ന ബാധ്യത അവസാനിയ്ക്കുന്നതോടെ സംഘാടകരെ സംബന്ധിച്ചിടത്തോളം ആ ചിത്രത്തിന്റെ പ്രസക്തിയും അവസാനിക്കുന്നു. മത്സരങ്ങൾക്കും, സമ്മാനങ്ങൾക്കും വേണ്ടിയല്ലാതെ വരയ്ക്കാതിരിക്കാൻ കഴിയാത്തതുകൊണ്ട് മാത്രമാണ് ഈ കുട്ടി വരച്ചിരുന്നത്.

മഴയേയും ഇടിയേയും മിന്നലിനേയും കണ്ണിമയ്ക്കാതെ നോക്കിയിരിക്കാറുണ്ടായിരുന്നു. ക്ലിന്റ് കരുത്തിന്റെയും കായബലത്തിന്റെയും ഉപാസകൻ കൂടിയായിരുന്നു. റോബിൻസൺ ക്രൂസോയും, ബ്രൂസിലിയും അവന്റെ ഇഷ്ടവ്യക്തികളായിരുന്നു.

ഒരു കുട്ടിക്കും ഇണങ്ങാത്ത ഭാവവും പ്രകൃതങ്ങളുമായിരുന്നു ക്ലിന്റിന്. സ്വന്തമായൊരു ജീവിതവും അതിനെ രൂപപ്പെടുത്തിയെടുക്കാൻ പോന്ന സ്വന്തം നിയമങ്ങളും. മറ്റുള്ളവരെ സ്വന്തം നിയമങ്ങൾക്കും ഇ കൾക്കുമൊപ്പം അവൻ വളർത്തിയെടുത്തു. അതല്ലെങ്കിൽ അവൻ അവന്റെ നീതിസാരങ്ങളോളം വളർന്നു.

സംസ്ഥാനതലത്തിൽ ഒരു ചിത്രരചനാമത്സരത്തിൽ മൂന്നിനും പതിനെട്ടിനും ഇടയ്ക്കു പ്രായമുള്ള പതിനായിരം പേരോടു മത്സരിച്ചു സ്വർണ്ണമെഡൽ നേടി. ക്ലിന്റിന്റെ ചിത്രങ്ങൾക്ക് പ്രായത്തിൽ കവിഞ്ഞ വളർച്ചയുണ്ടായിരുന്നു. അവന്റെ രചനാരീതിയും നിറങ്ങളും മുതിർന്നവരെപ്പോലും അത്ഭുതപ്പെടുത്തി.

'മഴവില്ല് പിഴിഞ്ഞെടുത്ത' കരളുമായി ഭൂമിയിലേക്കു വന്ന നിറങ്ങളുടെ ഈ രാജകുമാരന്, കാനനം ഗിയാകെ പ്രതിബിംബിക്കുന്ന ഒരു മഞ്ഞുതുള്ളിയുടെ ക്ഷണികജീവിതം മാത്രമേ എന്നാൽ വിധി കനിഞ്ഞു നല്കിയുള്ളൂ.

അഞ്ചു വയസുള്ളപ്പോൾ അവന്റെ രോഗം ഗുരുതരമായി. ക്രോണിക് ട്യൂബുലർ നെഫ്രൈറ്റിസ് ആയിരുന്നു ക്ലിന്റിന്റെ അസുഖം. എങ്കിലും അവൻ ചിത്രരചന തുടർന്നു. ചിലപ്പോൾ അർദ്ധരാത്രി വരെ -ചിലപ്പോൾ പുലർച്ചെ മൂന്നു മണിക്ക് വര തുടങ്ങി.

1983 ഏപ്രിൽ 14. സമയം ഉച്ച കഴിഞ്ഞ് 3 മണി. അവൻ പതിവില്ലാതെ ക്ഷീണിതനായി കണ്ട അമ്മ അവനോടു ചോദിച്ചു.

"മോന് പടം വരയ്ക്കേണ്ടേ?"

"വേണ്ടമ്മേ" കിടന്നുകൊണ്ടാണവൻ പറഞ്ഞത്.

ഏതാനും നിമിഷങ്ങൾക്കകം അവന് ബോധം നഷ്ടപ്പെട്ടു. അമ്മ ഡോ. ജോസഫ് എബ്രാഹമിന് ഫോൺ ചെയ്തു. അദ്ദേഹം അവനെ എറണാകുളം മെഡിക്കൽ ട്രിലേക്ക് റഫർ ചെയ്തു.

നേഴ്സ് ക്ലിന്റിന്റെ കൈത്തണ്ടയിൽ കുത്തിവച്ചു. ബോധം തെളിഞ്ഞ അവൻ നേഴ്സിനോട് കയർത്തു. അമ്മയോട് ബൈബിൾ വായിക്കാനാവശ്യപ്പെട്ടു. അമ്മ വായിച്ചിരിക്കെ അവൻ വീണ്ടും മയങ്ങിപ്പോകുന്നതായി തോന്നി. അമ്മ ക്ലിന്റിനെ വിളിച്ചുണർത്താൻ നോക്കി.

"ഒന്നുമില്ലമ്മേ... ഞാൻ പെട്ടെന്ന് ഉറങ്ങിപ്പോയേക്കാം. അമ്മ വിളിക്കുമ്പോൾ വിളികേട്ടില്ലെന്നു വരും. ചിലപ്പോൾ ഞാൻ വെറുതെ മയങ്ങുകയാവും എന്നെ ഉണർത്തരുതേ." അവൻ പിന്നീട് ഉണർന്നില്ല.

നമുക്കായി നിറം മങ്ങാതെ ഇരുപതിനായിരത്തിലധികം ചിത്രങ്ങൾ ബാക്കി വച്ച്, നിറമുള്ള ഓർമ്മകളുമവശേഷിച്ച് കടന്നുപോയ ഈ കുട്ടി ഒരു പുരുഷായുസ് തികച്ച് ജീവിച്ചിരുന്നുവെങ്കിൽ ആരാകുമായിരുന്നു?



സ്വപ്നങ്ങൾക്ക് കൂട്ടായി എന്നും നിങ്ങളോടൊപ്പം.
കുട്ടികൾക്ക് മാത്രമായി
പ്രത്യേക ഷോറൂം
KIDS COLLECTIONS
പ്ലാസാ ജൂവല്ലറി
കോട്ടയം
സെൻട്രൽ ജംഗ്ഷൻ
ഫോൺ : 567240, 512377(Res)
ഏറ്റുമാനൂർ
എം. സി. റോഡ്
ഫോൺ: 539850, 537163
www.plazajewellery.com

# ELIZABETH International

Jobees Complex, Kattakayam Road, PALA P.O. KOTTAYAM- 686 575

Phone: 0482 - 213986, 200387 (Off.) 211702, 260051 (Resi),
Mobile: 9846 213986, 9846 211702. Fax: 0091-482-213986,
E-mail: elizabethinternational@yahoo.com




## JOIN ELIZABETH International ITS YOUR GATEWAY TO NEWZEALAND & USA

OUR EXPERT AND EXPERIENCED FACULTIES PROVIDE EXCELLENT COACHING IN. CGFNS, TOEFL, TSE, IELTS, GRE, SAT, communicative english and one year professional cookery through most modern educational materials! We also provide guaranteed placements in Newzealand & USA. Hostel facility for boys and girls.

U.S.A, U.K. കാനഡ, ആസ്ട്രേലിയ, ന്യൂസിലന്റ് തുടങ്ങിയ വിദേശരാജ്യങ്ങളിലെ ഉപരിപഠനത്തിനും ജോലിക്കും Migration - നും ആവശ്യമുള്ള IELTS, TOEFL, CGFNS പരീക്ഷകൾക്കാവശ്യമായ സമഗ്ര പരിശീലനം ഞങ്ങൾ നൽകുന്നു.



## EICT ELIZABETH INSTITUTE OF CATERING TECHNOLOGY - PALA

### സ്റ്റാർ ഹോട്ടലുകളിലും ഷിപ്പിംഗ് കമ്പനികളിലും ജോലിസാധ്യത...!

#### പാലായിൽ "പ്രൊഫഷണൽ കുക്കറി" കോഴ്സ്

നാവിൽ കൊതിയൂറുന്ന വിഭവങ്ങൾക്കു പുകൾപെറ്റ മീനച്ചിൽ താലൂക്കിലിതാ ആദ്യമായി 'പ്രൊഫഷണൽ കുക്കറി' കോഴ്സ് ആരംഭിച്ചിരിക്കുന്നു. A job in your hand എന്ന് ആഹ്വാനം ചെയ്തുകൊണ്ട്, ഇന്ത്യയിലെയും വിദേശരാജ്യങ്ങളിലെയും സ്റ്റാർഹോട്ടലുകളിലും ഷിപ്പ് കേറ്ററിംഗിലും, ഫ്ളൈറ്റ്കേറ്ററിംഗിലും, റെയിൽവേയിലും, സ്റ്റാർ ഹോസ്പിറ്റലുകളിലും ഔട്ട് ഡോർ കേറ്ററിംഗിലും ഉയർന്ന ശമ്പളത്തോടുകൂടി ജോലിലഭിക്കുന്ന ഈ കോഴ്സിലേക്കുള്ള പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം. പെൺകുട്ടികൾക്ക് പ്രത്യേക ബാച്ച് ഉണ്ടായിരിക്കുന്നതാണ്.

കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത S.S.L.C. പഠനകാലാവധി ഒരുവർഷം. പെൺകുട്ടികൾക്ക് കന്യാസ്ത്രീകളുടെ മേൽനോട്ടത്തിലുള്ള ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും ഷിപ്പിംഗ്കമ്പനികളിലും സ്റ്റാർ ഹോട്ടലുകളിലും പാചകരംഗത്ത് ദീർഘനാളത്തെ പരിചയസമ്പത്തുള്ള അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

#### ഞങ്ങളുടെ പ്രത്യേകതകൾ

- ഇംഗ്ലീഷ്, ഹിന്ദി, അറബിക്, ഫ്രഞ്ച് അടിസ്ഥാന ഭാഷാ പരിശീലനം
- കമ്പ്യൂട്ടറിൽ പ്രത്യേക പരിശീലനം നൽകുന്നു
- കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിദേശജോലി തരപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്തുകൊടുക്കുന്നു

**പ്രോസ്പെക്ടസിനും അപേക്ഷാഫോറത്തിനും**

Director, Elizabeth Institute of Catering Technology
Jobees Complex, Kattakayam Road, PALA - 686 575
Phone: 0482-213986, 200387 (Off.) 211702, 260051 (Resi.)
Mobile: 9846 213986, 9846 211702 Fax: 0091-482-213986

KOTTAYIL-TDPA. TEL. 227720